# വ്യാപാരകേരളം

പുതുവത്സര പതിപ്പ്

പുസ്തകം 1 ലക്കം 9 പേജുകൾ 40 ജനുവരി 2021



പുതുവത്സരചിന്ത

കേരളം: രാഷ്ട്രീയ വിശകലനം

റിഥം ഓഫ് ലൈഫ്:
പാട്ടുലകം 2020

പംക്തികൾ, കവിതകൾ,
കഥകൾ

മുഖച്ചിത്രം: സിന്ധു ഗാഥ



**സിന്ധു ഗാഥ**

ബാംഗ്ലൂരിൽ താമസിക്കുന്ന സിന്ധു ഗാഥയുടെ സ്വദേശം പാലക്കാടാണ്. കവിതയും കഥയും ലേഖനങ്ങളും എഴുതിയിട്ടുണ്ട്. 'കുത്തിക്കുറിച്ചതും കോറിവരച്ചതും', 'കനകച്ചിലങ്ക' എന്നീ കവിതാസമാഹാരങ്ങളിൽ കവിതകൾ ചേർത്തിട്ടുണ്ട്. കുട്ടികൾക്കായുള്ള ചാമ്പയ്ക്ക ഡിജിറ്റൽ മാസികയുടെ ചീഫ് എഡിറ്റർ ആണ്. സുമാമോഹൻ മെമ്മോറിയൽ കവിതാ മത്സരത്തിലും കൊല്ലങ്കോട് ആശ്രയം കോളേജ് സംഘടിപ്പിച്ച എഴുത്തു മത്സരത്തിലും ഒന്നാം സ്ഥാനം ലഭിച്ചു. സോഫ്റ്റ് വെയർ പ്രൊഫഷണലായ ഷൈജു രാജൻ ഭർത്താവും അലീറ്റ ഷൈജു ഏകമകളുമാണ്.

---


ഓഫീസ്:

**വ്യാപാരകേരളം**

**(ഓൺലൈൻ മാസിക)**

പി.ബി.റോഡ്,<br>
എൽത്തുരുത്ത് പി.ഒ,<br>
തൃശൂർ-680611, കേരളം.

website:<br>
www.vyaparakeralam.com

email:<br>
vyaparakeralam@gmail.com

Phone: 0487 2365309<br>
Mob: 094471 89032

എഡിറ്റർ:<br>
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:<br>
**ജെഫി മാത്യു ജോസ്**<br>
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:<br>
**റയൻ ജോസഫ്**




പ്രതിഭാധനരിൽ പലരും വിട്ടൊഴിഞ്ഞു പോയത്, ഡിസംബറിന്റെ കണ്ണുനനക്കുന്ന ബാക്കിപത്രം. മലയാൺമക്ക് പുത്തൻ ഭാവാനുഭവങ്ങൾ സമ്മാനിച്ച, കവിയും ആക്റ്റിവിസ്റ്റും പരിസ്ഥിതിപ്രവർത്തകയുമായിരുന്ന സുഗതകുമാരിയുടെ വിയോഗം, സഹൃദയരെ അക്ഷരാർത്ഥത്തിൽ കണ്ണീരണിയിച്ചു. കോവിഡ് മാരിക്ക് ഇരയായി പോയതാണ്, പ്രിയ കവിയെ സ്നേഹിക്കുന്നവരെ ദുഃഖത്തിലാഴ്ത്തിയത്.

പ്രിയ ജനത്തിന്റെ അന്ത്യസ്പർശമറിയാതെ, ഒരമ്മ അനന്തതയിലേക്ക് യാത്രയായി. അമ്പലമണിയും മണലെഴുത്തും രാത്രിമഴയും ഒരാവർത്തികൂടി, വായനശാലകളിലെ ഡെസ്കുകളിൽ ചർച്ചയായി.

നടക്കാതെ പോയ ഒരു മുഖാമുഖം ഷൂട്ടിംഗിന്റെ പുരാവൃത്തമാണ്, യു.എ.ഖാദറിന്റെ വിയോഗവാർത്ത പൊടുന്നനെ മനസിലുണർത്തിയത്. ഒരു വർഷം മുമ്പ്, ഇതേ ഡിസംബറിലായിരുന്നു അത്. 'വ്യാപാരകേരള'ത്തിന് ഒരു എക്സ്ക്ലൂസീവ് ഇന്റർവ്യൂ തരാമെന്നേറ്റിരുന്നു അദ്ദേഹം. ഷൂട്ടിനുള്ള സന്നാഹവുമായി ഞങ്ങൾ, കോഴിക്കോട്ടെ പൊക്കുന്നിൽ 'അക്ഷരം' വീട്ടിലെത്തുന്നു. വീടും ഗേറ്റും അടഞ്ഞുകിടപ്പാണ്. ഫോണിൽ ബന്ധപ്പെട്ടപ്പോൾ, വിവശതയോടെ അദ്ദേഹം പറഞ്ഞു; 'ആശുപത്രീലാണ്, ഭാര്യക്ക് സുഖമില്ല. പെട്ടെന്ന് പോരേണ്ടിവന്നു.' മറുപടിയില്ലാതെ ഞങ്ങൾ. അദ്ദേഹം തുടർന്നു; 'ബേബി മെമ്മോറിയലിലേക്ക് വരാമോ. അവിടെ കാണാം.'

ഞങ്ങൾ ആശുപത്രിയിലേക്ക്. പുറകെ മറ്റൊരു സന്ദേശംകൂടി; 'ആശുപത്രിയിൽ വേണ്ട. അടുത്ത് മകന്റെ വീടുണ്ട്. അഴകുഴി അമ്പലത്തിനടുത്ത്. അറിയാമല്ലോ. അങ്ങോട്ടു പോരൂ.'

അദ്ദേഹം നിർദേശിച്ചയിടത്ത് ചെന്ന് ഞങ്ങൾ കാത്തിരുന്നു. ഈ അവസ്ഥയിൽ ഷൂട്ട് നടക്കുമോ എന്ന സംശയം ഞങ്ങൾക്കുണ്ടായിരുന്നു. എങ്കിലും കാമറ ഒരുക്കി പെട്ടെന്നെടുക്കാൻ പാകത്തിൽ മാറ്റിവച്ചു. അദ്ദേഹം വന്നു. കണ്ടു. സംസാരിച്ചു. മാറ്റിവെച്ചിരുന്ന കാമറ കണ്ടിട്ട് അദ്ദേഹം പറഞ്ഞു;

'ഇന്റർവ്യൂ ഇന്ന് വേണ്ട. എനിക്കിപ്പോൾ മറ്റൊന്നും സംസാരിക്കാൻ കഴിയില്ല.'

ഞങ്ങൾ മൗനം.

'ഒന്നോ രണ്ടോ ആഴ്ച കഴിഞ്ഞ് വന്നാൽ, നമുക്കത് നന്നായിട്ട് എടുക്കാം.'

ഞങ്ങൾ സമ്മതിച്ചു.

പുറകെ കോവിഡെത്തി. യാത്രകൾ തീർത്തും ഇല്ലാതായി. അനന്തതയിലെ അനിവാര്യമായ അവസാന മുഖാമുഖത്തിന് അദ്ദേഹം യാത്രയായി. കാവും തെയ്യവും ഭൂതപ്പൊരുളുകളും ആചാരാനുഷ്ഠാനങ്ങളും നാടോടി വിജ്ഞാനവഴികളും മിത്തുകളിലൂടെ സഹൃദയർക്ക് സമ്മാനിച്ച പ്രിയ കഥാകാരന് പ്രണാമം.

**-സി.ആർ.രാജൻ,**<br>
എഡിറ്റർ

# കള്ളൻ

കഥ



നാലുംകൂടിയ വഴിമുക്കിൽ വെച്ചാണ് ബന്ധങ്ങൾ അറ്റുപോയ താലിമാല കള്ളൻ മോഷ്ടിച്ചത്. നിലാവുകൾ മയങ്ങിപ്പോയ രാവിന്റെ ഏതോ മറവിൽ വെച്ചാണ് നൊമ്പരങ്ങൾ മാത്രം ബാക്കിയായ സ്വപ്നം കള്ളൻ കവർന്നെടുത്തത്. കാലം മരവിച്ച അന്ധകാരത്തണുപ്പിൽ വെച്ചാണ് സാരിക്കുരുക്കിൽ മുറുകാൻ തുടങ്ങിയ ജീവന്റെ അവസാന ശ്വാസത്തെ കള്ളൻ നെഞ്ചോടു ചേർത്തു പൊക്കി ഉയർത്തിയത്.

എന്നാലും കള്ളൻ കള്ളൻതന്നെ. അതുകൊണ്ടാണ് അവനെതിരെ അവൾ സാക്ഷിമൊഴി പറഞ്ഞതും.

പക്ഷെ, കൈവിലങ്ങുമായി ജയിലിലേക്ക് പോകുമ്പോൾ ഒരുമാത്ര തിരിഞ്ഞു നോക്കിയ കള്ളന്റെ കൺകോണിൽ കുടുങ്ങിപ്പോയ ഒരു ഹൃദയം മാത്രം എന്തിനെന്നറിയാതെ വല്ലാതെ തുടിച്ചിരുന്നു.



എ. കെ. അനിൽകുമാർ

## അകത്താളുകളിൽ

### ലേഖനം/പംക്തി


ഫാ. റോയ് ജോസഫ് വടക്കൻ: പേജ് 4
ഫ്രാങ്കോ ലൂയീസ്: പേജ് 5
തേജശ്രീ: പേജ് 8
വിനോദ് വി. ദേവ്: പേജ് 11
ജിൻസി കെ.പി: പേജ് 14
പ്രശാന്ത് എസ്.ആർ:: പേജ് 15


### കഥ


എ.കെ.അനിൽകുമാർ: പേജ് 3
കെ.ആർ.ജോൺസൺ: പേജ് 34
അനിൽകുമാർ എസ്.ഡി: പേജ് 35
എ.എൻ.സാബു:: പേജ് 37
പി.രഘുനാഥ്: : പേജ് 39


### കവിത


ജയപ്രകാശ് എറവ്: പേജ് 16
യഹിയ മുഹമ്മദ്: പേജ് 17
ഷാജി തലോറ: പേജ് 18
വിനീത:പേജ് 19
മഞ്ജു സുഭാഷ്: പേജ് 20
ദീപ്തി കൈരളി: പേജ് 21
ഗീത വിജയൻ: പേജ് 22
ഡോ. സുകേഷ്: പേജ് 23
പി.സജീവ്കുമാർ: പേജ് 24
അമ്മു: പേജ് 25
പ്രജീഷ ജയരാജ്: പേജ് 26
നിത്യലക്ഷ്മി: പേജ് 27
അജേഷ് പി.: പേജ് 28
സുനി: പേജ് 29
സോണി വർഗീസ് വാരനാട്: പേജ് 30
സുനിൽരാജ് സത്യ: പേജ് 31
സിന്ധു ഗാഥ: പേജ് 32
ശാമിൽ ചുള്ളിപ്പാറ: പേജ് 33



# സമയവും സ്വാതന്ത്ര്യവും

ഫാ. റോയ് ജോസഫ് വടക്കൻ

ഏവർക്കും പുതുവത്സരത്തിന്റെ സ്നേഹാശംസകൾ. ദൈവം നമുക്കൊക്കെയും കനിഞ്ഞുനൽകിയിട്ടുള്ള ദാനങ്ങളെ കുറിച്ചോർക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനമായത് ഏതാണ്? സമയവും സ്വാതന്ത്ര്യവും എന്നാണ് ഞാൻ പറയുക.

ഇതിൽ സമയ നിയന്ത്രണം നമ്മുടെ പക്കലല്ല. അതു ദൈവകരങ്ങളിലത്രേ. സ്വാതന്ത്ര്യത്തിന്റെ നിയന്ത്രണാവകാശം നമുക്കുണ്ട്. സമയവും സ്വാതന്ത്ര്യവും തമ്മിലുള്ള ബാന്ധവമത്രേ ജീവിതവിജയത്തിന് നിദാനം.

പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. സമയത്തേയും സ്വാതന്ത്ര്യത്തേയും സംബന്ധിച്ച അവബോധം ഈ അവസരത്തിൽ നമ്മിൽ ഉളവാകേണ്ടതുണ്ട്. ആരും ഒന്നും പ്രവർത്തിച്ചില്ലെങ്കിലും ദിവസങ്ങൾ കടന്നുപോകും. കണ്ണുമിഴിക്കുന്ന നേരത്തും സമയം കടന്നുപോകുകയാണ്. ആർക്കും പിടിച്ചുനിറുത്താൻ സാധിക്കാത്ത സ്വാഭാവിക ഒഴുക്കത്രേ സമയത്തിന്റേത്.

'ടൈം മാനേജ്മെന്റ്' എന്നു നാം ധാരാളം കേൾക്കുന്നുണ്ടല്ലോ. ആ പ്രയോഗം ശരിയോ എന്നു ഞാൻ സംശയിക്കുന്നു. സമയത്തെ നിയന്ത്രിക്കാൻ ആർക്കാണ് കഴിയുക? നമുക്ക് ലഭിച്ച സമയം-ജീവിതം-നമ്മുടെ സ്വാതന്ത്ര്യവും ഉൾച്ചേർത്തുകൊണ്ട്, നിയന്ത്രിച്ച് മുന്നോട്ടുപോകാം. സമയം നല്ല രീതിയിൽ ഉപയോഗിച്ചാൽ നാം വളരും. അലസരായാൽ തളരും.

ഈ അവസരത്തിൽ പ്രത്യേകം ഓർക്കേണ്ടത്, സമയവും സ്വാതന്ത്ര്യവും തമ്മിലുള്ള അഭേദ്യബന്ധത്തെ കുറിച്ചാണ്. നമ്മുടെ വിജയപരാജയങ്ങളുടെ അടിസ്ഥാനം നാം തന്നെയാണെന്ന് ഈ പുതുവർഷത്തിൽ ഓർക്കുക. കൈയിലുള്ള സമയം ശ്രേഷ്ഠമായി ഉപയോഗപ്പെടുത്താം.

ഓരോ നിമിഷവും ക്രിയാത്മകമായി ഉപയോഗപ്പെടുത്തിക്കൊണ്ട്, ജാഗരൂകരായി, വിജയപടവുകൾ കയറുവാൻ നമുക്ക് പരിശ്രമിക്കാം. ഏവർക്കും ഒരിക്കൽകൂടി പുതുവത്സരാശംസകൾ നേരുന്നു. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.




# തദ്ദേശക്കച്ചവടം



ഫ്രാങ്കോ ലൂയിസ്

**ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ തൂക്കുസഭകളുടെ പ്രളയമാണ്. ആർക്കും ഭൂരിപക്ഷമില്ലാതെ 64 പഞ്ചായത്തുകൾ. സംസ്ഥാനത്തെ 86 നഗരസഭകളിൽ ഏഴിടത്തും തൃശൂർ, കൊച്ചി കോർപറേഷനുകളിലും ആർക്കും ഭൂരിപക്ഷമില്ല.**

**പു**തുവൽസരം പുലരുന്നത് പുതിയ നാട്ടു ഭരണകൂടങ്ങളുടെ പിറവിയിലേക്കാണ്. തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയികളായ 21,893 ജനപ്രതിനിധികൾ ചേർന്നൊരുക്കുന്ന ഭരണകൂടങ്ങൾ. പുതിയ മേയർമാരും ചെയർമാൻമാരും പ്രസിഡന്റുമാരുമെല്ലാം വരികയായി.

ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ തൂക്കുസഭകളുടെ പ്രളയമാണ്. ആർക്കും ഭൂരിപക്ഷമില്ലാതെ 64 പഞ്ചായത്തുകൾ. സംസ്ഥാനത്തെ 86 നഗരസഭകളിൽ ഏഴിടത്തും തൃശൂർ, കൊച്ചി കോർപറേഷനുകളിലും ആർക്കും ഭൂരിപക്ഷമില്ല.

ഇവിടങ്ങളിലെല്ലാം ഭരണം പിടിക്കാൻ കുതിരക്കച്ചവടത്തിന്റെ പൊടിപൂരമാണിപ്പോൾ. നേതാക്കളും ഭരണക്കൊതിയന്മാരുമെല്ലാം തിരക്കിട്ട ചർച്ചകളിലാണ്. സ്ഥാനമാനങ്ങളും പണവുമെല്ലാമാണ് ഓഫർ. ഇങ്ങനെ വിലപേശി വശത്താക്കുന്നത് അണിയറ രഹസ്യം മാത്രം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മാത്രം കണ്ടിരുന്ന അഭ്യാസമാണിത്.

വിവിധ തദ്ദേശ സ്ഥാപനങ്ങളിലേക്ക് 2,118 പേരാണ് പാർട്ടിയില്ലാതെ സ്വതന്ത്ര പദവിയോടെ ജയിച്ചു കയറിയത്. മൊത്തം ജയിച്ചവരുടെ പത്തു ശതമാനത്തിലേറെ പേർ.

തെരഞ്ഞെടുപ്പു കമ്മീഷന്റെ കണക്കിൽ മറ്റുള്ളവർ എന്നാണ് ഇവരെ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവരെ വിലയ്ക്കെടുത്തുകൊണ്ടാണ് ഭരണം ഉറപ്പിക്കുന്നത്.

### കണക്കിലെ കളി

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ എൽഡിഎഫ് ഭൂരിപക്ഷം നേടിയത് 514 പഞ്ചായത്തുകളിലാണെന്നാണു തെരഞ്ഞെടുപ്പു കമ്മീഷന്റെ കണക്ക്. 54 ശതമാനം പഞ്ചായത്തുകൾ. 2015 ൽ എൽഡിഎഫ് 549 പഞ്ചായത്തുകളിൽ ഭരണം നേടിയിരുന്നു. എന്നാൽ, പലയിടത്തും ജയിച്ച 'മറ്റുള്ളവരി'ൽ ഏറേയും എൽഡിഎഫുകാരാണ്. അവരുടെകൂടി പിന്തുണയോടെ 554 പഞ്ചായത്തുകളിൽ തങ്ങൾക്കു ഭൂരിപക്ഷമുണ്ടെന്നാണ് എൽഡിഎഫിന്റെ അവകാശവാദം.

കഴിഞ്ഞ തവണ 365 പഞ്ചായത്തുകളിൽ ഭൂരിപക്ഷം നേടിയ യുഡിഎഫിന് ഇത്തവണ 321 പഞ്ചായത്തുകളിൽ മാത്രമേ ഭൂരിപക്ഷമുള്ളൂവെന്നാണ് തെരഞ്ഞെടുപ്പു കമ്മീഷന്റെ റിപ്പോർട്ട്. എന്നാൽ 375 പഞ്ചായത്തുകളിൽ ഭൂരിക്ഷമുണ്ടെന്നാണ് യുഡിഎഫിന്റെ അവകാശവാദം. പത്തിടത്തു ബിജെപി ആധിപത്യം സ്ഥാപിച്ചു. എറണാകുളം ജില്ലയിലെ നാലു പഞ്ചായത്തുകളിൽ ട്വന്റി ട്വന്റി ഭരണം.

കഴിഞ്ഞ തവണ 44 നഗരസഭകളിൽ ഭൂരിപക്ഷം നേടിയ എൽഡിഎഫ് ഇത്തവണ 35 മുനിസിപ്പാലിറ്റികളിലായി ചുരുങ്ങിയെന്നാണ് തെരഞ്ഞെടുപ്പു കമ്മീഷന്റെ കണക്ക്. നഗരസഭകൾ: എൽഡിഎഫ്– 35, യുഡിഎഫ് –39, ആർക്കും ഭൂരിപക്ഷമില്ലാത്തവ– 07, മറ്റുള്ളവർ– 03, എൻഡിഎ –02 (പാലക്കാട്, പന്തളം).

### ചുവന്ന കേരളം

കേരളം ഇനിയും ചുവക്കുമോ? നാലു മാസം കഴിഞ്ഞുള്ള നിയമസഭാ തെരഞ്ഞെടുപ്പിലും ഈ ജനവിധി ആവർത്തിക്കുമോ? ജനവിധിയിൽ കുതിക്കുന്ന വിജയത്തേരിന്റെ ആണിയിളകുമോ?

കഴിഞ്ഞ വർഷം ലോക്സഭാ തെരഞ്ഞെടുപ്പിൽ ആലപ്പുഴ ഒഴികെ 19 സീറ്റും യുഡിഎഫ് പിടിച്ചെടുത്തിരുന്നു. ആരോപണങ്ങളും വിവാദങ്ങളും സൃഷ്ടിച്ച കോളിളക്കത്തിലൂടെ തദ്ദേശ തെരഞ്ഞെടുപ്പു തൂത്തുവാരാമെന്നായിരുന്നു യുഡിഎഫ് പ്രതീക്ഷിച്ചത്. വികസന, ക്ഷേമപദ്ധതികളിലൂടെയും മുന്നണി വിശാലമാക്കിയും ജനവിധിയെ വരുതിയിലാക്കാനാണ് എൽഡിഎഫ് അധ്വാനിച്ചത്.

അനുകൂല രാഷ്ട്രീയ സാഹചര്യങ്ങൾ ഉണ്ടായിട്ടും കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണിക്ക് അതു വോട്ടാക്കാൻ കഴിഞ്ഞില്ല.

### പണം, പദവി

കോൺഗ്രസിലും ബിജെപിയിലും ഗ്രൂപ്പുകളുടെ പോർവിളികളായിരുന്നു അണിയറയിൽ. സ്ഥാനാർഥി നിർണയത്തിലും പ്രവർത്തനത്തിലും അതുണ്ടായി.

പണത്തിനും പദവിക്കും വേണ്ടി എന്തും



ചെയ്യാമെന്ന നിലയിലേക്കു കോൺഗ്രസിലെ വലിയൊരു ഭാഗത്തിന്റേയും സംസ്കാരം മാറി. വാളെടുത്തവരെല്ലാം വെളിച്ചപ്പാട് എന്നൊരു ചൊല്ലുണ്ട്. വാളില്ലാതെയും ആർക്കും വെളിച്ചപ്പാടു തുള്ളാവുന്ന അവസ്ഥയിലാണ് കോൺഗ്രസ്. സ്ഥാനമോഹികൾ അങ്കംവെട്ടി. സ്ഥാനാർഥി നിർണയം പാളി. പണം കൊടുത്തു സീറ്റു വാങ്ങിയവർ ധാരാളം. കോർപറേഷനുകളിൽ രണ്ടു മുതൽ അഞ്ചുവരെ ലക്ഷമാണത്രേ മൽസരിക്കാനുള്ള ടിക്കറ്റിന്റെ വില.

ഒരുപാടു സ്ഥലങ്ങളിൽ വിമതർ കോൺഗ്രസിനെ തോൽപിച്ചു. ചിലയിടത്തു വിമതർ ജയിക്കുകയും ചെയ്തു.

ബിജെപിയും സഖ്യകക്ഷിയായ ബിഡിജെഎസും തമ്മിലുള്ള പിണക്കം പലയിടത്തും വോട്ടു ചോർച്ചയുണ്ടാക്കി. വാരിയെന്നും വിറ്റെന്നുമുള്ള ആക്ഷേപങ്ങളുമുണ്ട്. തൃശൂർ കോർപറേഷനിൽ ബിജെപിയുടെ സംസ്ഥാന വക്താവ് അഡ്വ. ബി. ഗോപാലകൃഷ്ണന്റെ തോൽവി അക്കൂട്ടത്തിലുള്ളതാണ്. കഴഞ്ഞ തവണ നല്ലവിജയം നേടിയ ഷുവർ സീറ്റിലാണ് വക്താവ് പപ്പടംപോലെ പൊട്ടിയത്.

**ജോസിന്റെ പടയോട്ടം**

യുഡിഎഫിലായിരുന്ന രണ്ടു പാർട്ടികൾ എൽഡിഎഫിലെത്തി. കേരള കോൺഗ്രസ് എം ജോസ് വിഭാഗവും എം.പി. വീരേന്ദ്രകുമാറിന്റെ മകൻ ശ്രേയാംസ്കുമാർ നയിക്കുന്ന ലോക് താന്ത്രിക് ജനതാദളും. കേരള കോൺഗ്രസിന്റെ സ്ഥാനാർഥികൾ ഇടതിനൊപ്പം ചേർന്ന് പടയോട്ടംതന്നെ നടത്തി. ഇടതു സ്ഥാനാർഥികൾക്കും കിട്ടി വോട്ട്. എൽഡിഎഫിന്റെ നില മെച്ചപ്പെടാൻ ഇതും കാരണമായി.

കേരള കോൺഗ്രസുകാർ അരിവാളിൽ വോട്ടുചെയ്യാൻ മടിക്കുമെന്നു ശങ്കിച്ച കൈപ്പത്തിക്കാർക്കു സംശയംമാറിക്കിട്ടി. ചിലയിടങ്ങളിൽ പാർട്ടി ചിഹ്നമായ അരിവാൾ മാറ്റിവച്ച് കുട ചിഹ്നമാക്കി സ്വതന്ത്രവേഷത്തിൽ മൽസരിച്ചും സിപിഎം വോട്ടർമാരെ പാട്ടിലാക്കി.

കെ.എം. മാണിക്കെതിരേ ഇടതു നേതാക്കൾ നിയമസഭയിൽ നടത്തിയ കൈയാങ്കളിയാണോ ചങ്കിൽ തറച്ചത്. അതോ അതിനെല്ലാം വഴിയൊരുക്കിയ ബാർ കോഴക്കേസിൽ കുടുക്കിയ കോൺഗ്രസ് നേതാക്കളുടെ ചതിയോ? ഈ ചോദ്യത്തിന് മകൻ ജോസിന്റെ നേതൃത്വത്തിൽ അവർ മറുപടി നൽകി.

**സെമി ഫൈനൽ കഴിഞ്ഞു. ഫൈനൽ വരാനിരിക്കുന്നതേയുള്ളൂ. പൂരത്തിന്റെ നാടായ തൃശൂർക്കാർ പറയും: 'ഇപ്പൊ പൊട്ടീതു വെറും സാമ്പിൾ, ഒറിജിനൽ ഒരു കൂട്ടപ്പൊരിച്ചിലാട്ടോ'. തൃശൂർ പൂരത്തിനു മൂന്നു നാൾ മുമ്പാണു സാമ്പിൾ വെടിക്കെട്ട്. അതിന്റെ നൂറിരട്ടി ഗാംഭീര്യത്തോടെ കൂട്ടപ്പൊരിച്ചിലോടെയാണ് പൂരരാത്രിയിലെ വെടിക്കെട്ട് പൊട്ടിത്തീരുക.**

**മധുരിക്കും ബജറ്റ്**

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള ജനവിധി രാഷ്ട്രീയ വിധിയെഴുത്തല്ല. ഓരോ പ്രദേശത്തേയും തദ്ദേശ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ, ജനപ്രതിനിധികളുടെ സേവനം, വ്യക്തിബന്ധങ്ങൾ തുടങ്ങിയവയെല്ലാമാണ് ജനവിധിയെ സ്വാധീനിക്കുന്ന മുഖ്യ ഘടകങ്ങൾ.


എന്നാൽ നിയമസഭയിലേക്കും ലോക്സഭയിലേക്കും തെരഞ്ഞെടുപ്പു നടക്കുമ്പോൾ ജനങ്ങൾ വെവ്വേറെ തലത്തിലാണു ചിന്തിക്കുക. പഞ്ചായത്തു തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം പാലിച്ചുകൊണ്ടല്ല നിയമസഭയിലേക്കു ജനം വോട്ടുറപ്പിക്കുകയെന്നു സാരം.

വരും നാളുകളിൽ കേരളം പോർക്കളമായി മാറും. നിയമസഭാ തെരഞ്ഞെടുപ്പുവരെ പോരാട്ടം തുടരും. ഭരണം, അധികാരമാണ് എല്ലാവരുടേയും ലക്ഷ്യം.

അധികാരത്തിലുള്ളവർ ജനങ്ങളുടെ പണമെറിഞ്ഞ് വീണ്ടും ജനപ്രീതി ആർജിക്കാൻ ശ്രമിക്കും. പ്രതിപക്ഷത്തുള്ളവർക്ക് അഴിമതിയും മറ്റും ആരോപിച്ച് ചെറുക്കുകയേ വഴിയുള്ളൂ.

ഏതാനും മാസം മുമ്പു വർധിപ്പിച്ച ക്ഷേമ പെൻഷനുകൾ വീണ്ടും വർധിപ്പിക്കുകയാണ്. പുതുവൽസരത്തോടെ വീണ്ടും നൂറു രൂപ വീതം വർധിപ്പിച്ച് 1,500 രൂപയാക്കുകയാണ്. എൽഡിഎഫ് സർക്കാർ ഈ മാസം 15 ന് അവതരിപ്പിക്കുന്ന അവസാന ബജറ്റിലും ഉണ്ടാകും മധുരമൂറുന്ന ഇനങ്ങൾ.

സെമി ഫൈനൽ കഴിഞ്ഞു. ഫൈനൽ വരാനിരിക്കുന്നതേയുള്ളൂ. പൂരത്തിന്റെ നാടായ തൃശൂർക്കാർ പറയും: 'ഇപ്പൊ പൊട്ടീതു വെറും സാമ്പിൾ, ഒറിജിനൽ ഒരു കൂട്ടപ്പൊരിച്ചിലാട്ടോ'. തൃശൂർ പൂരത്തിനു മൂന്നു നാൾ മുമ്പാണു സാമ്പിൾ വെടിക്കെട്ട്. അതിന്റെ നൂറിരട്ടി ഗാംഭീര്യത്തോടെ കൂട്ടപ്പൊരിച്ചിലോടെയാണ് പൂരരാത്രിയിലെ വെടിക്കെട്ട് പൊട്ടിത്തീരുക. ●



# കോവിഡിൽ മുങ്ങിയ കോഡുകൾ




**തേജശ്രീ**

**സംഗീതത്തിനു ചില ചിട്ടവട്ടങ്ങളുണ്ട്. ഇന്ത്യൻ ശാസ്ത്രീയ സംഗീതമായാലും പാശ്ചാത്യമായാലും കൃത്യമായി നിർവചിച്ച വഴികൾ. പാശ്ചാത്യസംഗീതം സഞ്ചരിക്കുന്ന വഴിയാണ് കോഡുകൾ. കോവിഡ് കാലത്ത് അധികം കോഡുകൾ നമുക്കു കേൾക്കാനായില്ല. സംഗീതത്തിന്റെ സൃഷ്ടി വളരെ കുറഞ്ഞതു തന്നെ കാരണം. എന്താണ് പാട്ടുകളോട് കോവിഡ് ചെയ്തത്? കഴിഞ്ഞവർഷത്തേക്കു തിരിഞ്ഞുനോക്കുമ്പോൾ നാം കേൾക്കുന്നത് എന്താണ്?**

കോവിഡ് വരുത്തിയ ദുരന്തങ്ങളിൽ സംഗീതപ്രേമികളെ അടിമുടി തകർത്തത് ഒരേയൊരു കാര്യമാണ്– സ്നേഹഗായകൻ എസ്.പി. ബാലസുബ്രഹ്മണ്യത്തിന്റെ മരണം. ഒന്നോർക്കുമ്പോൾ ഇപ്പോഴും വിശ്വസിക്കാൻ പ്രയാസമാണ് ആ വിയോഗം. അദ്ദേഹത്തിന്റെ സ്വരം കേൾക്കുമ്പോൾ ഇന്നെന്നല്ല, എക്കാലവും നമുക്കു തോന്നും, ഇതാ എസ്പിബി നമ്മുടെ തൊട്ടരികിലുണ്ടെന്ന്. സത്യം അംഗീകരിക്കാതെവയ്യ. ദക്ഷിണേന്ത്യൻ സിനിമാസംഗീതത്തെ വലിയൊരളവിൽ ഒപ്പം നടത്തിയ ആ മഹാ പ്രതിഭയെ കോവിഡ് കോണ്ടുപോയിക്കഴിഞ്ഞിരിക്കുന്നു. എന്നാലും, എങ്ങനെ വിശ്വസിക്കുമത്!

ആ ദുർവിധിയ്ക്കൊപ്പം പാട്ടുലകത്തെ



2020നെ കോവിഡ് അടയാളപ്പെടുത്തിയത് ഏതെല്ലാം വിധത്തിലാണ്? വലിയ ഡെക്കറേഷനൊന്നും ആവശ്യമില്ല, വലിയൊരളവുവരെ നിശബ്ദമാക്കപ്പെട്ടു എന്നുതന്നെ പറയണം. പുതിയ സിനിമകളില്ല, ഗാനമേളകളില്ല, സ്റ്റേജ് പ്രോഗ്രാമുകളില്ല, എന്തിന്, ചെറിയ കല്യാണ റിസപ്ഷനുകളിലെ പ്രോഗ്രാമുകൾ പോലും ഇല്ല. ടൂറിസം മുങ്ങിയതിനാൽ ഹോട്ടലുകളിലെ ഗായകസംഘങ്ങളും നിശബ്ദരായി.

ഗായകരും ഉപകരണസംഗീതജ്ഞരും അനുബന്ധ പ്രവർത്തകരും നട്ടംതിരിഞ്ഞ കാലം. അതിനിനിയും അറുതിയായിട്ടില്ല. സിനിമകളുടെ റിലീസ് തീരെക്കുറഞ്ഞതിനാൽ പുതിയ പാട്ടുകൾ ഒരുക്കുന്നതിനെപ്പറ്റി ചർച്ചകൾപോലും വിരളം. ഭാഷ ഏതായാലും വിരലിൽ എണ്ണാവുന്ന ചിത്രങ്ങൾ മാത്രമാണ് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ റിലീസ് ചെയ്തത്.

## ഒരേയൊരു വെള്ളരിപ്രാവ്

സംഗീതസംവിധായകൻ എം. ജയചന്ദ്രൻ ഹൃദയംകൊണ്ട് ഒപ്പുവച്ച ഒരു പാട്ടാണ് സൂഫിയും സുജാതയും എന്ന ചിത്രത്തിലെ വാതുക്കല് വെള്ളരിപ്രാവ്. കോവിഡ് കാലത്ത് ഏറ്റവുമധികംപേർ ഏറ്റുപാടിയ വരികൾ ഈ പാട്ടിന്റേതാകണം. സോഷ്യൽ മീഡിയയിൽ ഡാൻസ് ചാലഞ്ചുകൾ അടക്കം ആയിരക്കണക്കിനുപേർ ഷെയർ ചെയതു. ഒരുപാടിഷ്ടത്തോടെ പലതവണ കേട്ടു. ബി.കെ. ഹരിനാരായണൻ എഴുതിയ വരികൾക്ക് ശബ്ദംനൽകിയത് നിത്യ മാമ്മൻ, അർജുൻ കൃഷ്ണ, സിയാ ഉൾ ഹഖ് എന്നിവർ ചേർന്നാണ്. യുട്യൂബിൽ ഇരുപതു ദശലക്ഷത്തോളംതവണ പ്ലേ ചെയ്യപ്പെട്ടുകഴിഞ്ഞു ഇതുവരെ. മറ്റു ഭാഷകളിലേക്കും മൊഴിമാറ്റം ചെയ്യപ്പെട്ടു.

## അയ്യപ്പനും കോശിയും നഞ്ചമ്മയും

അട്ടപ്പാടിയുടെ നാടൻ ഈണം തനതായ സ്വരത്തിൽ ഇടംപിടിച്ച കലക്കാത്ത സന്ദനമേറി എന്ന പാട്ട് സൂപ്പർ ഹിറ്റായ അയ്യപ്പനും കോശിയും എന്ന ചിത്രത്തിന്റെ ആത്മാവിന്റെ ഭാഗമാണ്. സിനിമയുടെ പ്രമേയം, ഗാംഭീര്യം, അവതരണരീതി എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമായ ശബ്ദത്തിലുള്ള പാട്ട് വരികളെഴുതി പാടിയത് അട്ടപ്പാടിയുടെ സ്വന്തം നഞ്ചമ്മയാണ്. ജേക്സ് ബിജോയി ഈണത്തിൽ ഒപ്പം കൂടി. ഭാഷയുടെ അതിർവരമ്പുകൾക്കപ്പുറം ഈ പാട്ട് പറന്നു. ഏറ്റുപാടാൻ എളുപ്പമല്ലാത്ത ഒന്നായിട്ടും യുട്യൂബിൽ ഏതാണ്ട് 33 ദശലക്ഷം തവണ ഇതു പ്ലേ ചെയ്യപ്പെട്ടു.



സൂപ്പർഹിറ്റ് പാട്ടുകൾ പിറന്ന ഈ രണ്ടു സിനിമകൾക്കും പൊതുവായ ഒരു ദുഖമുണ്ട് ഇന്ന്. രണ്ടിന്റെയും സംവിധായകർ അകാലത്തിൽ പൊലിഞ്ഞു. അയ്യപ്പനും കോശിയും

മലയാളികൾക്ക് സമ്മാനിച്ച് സംവിധായകൻ സച്ചി അപ്രതീക്ഷിതമായി വിടപറഞ്ഞു. ചിത്രത്തിൽ ഒരു പ്രധാന വേഷത്തിൽ എത്തിയ നടൻ അനിൽ നെടുമങ്ങാട് സച്ചിയുടെ ജന്മദിനത്തിൽ മലങ്കര ഡാമിന്റെ ആഴങ്ങളിലേക്കു മറയുകയും ചെയ്തു. സൂഫിയും സുജാതയും സംവിധാനം ചെയ്ത ഷാനവാസ് നരണിപ്പുഴ ഈ ലോകംവിട്ടത് കഴിഞ്ഞദിവസമാണ്. വിധിയുടെ വിളയാട്ടം എന്നല്ലാതെ എന്തുപറയാനാണ്.



## കിം കിം കിം ബൂം

വർഷാവസാനത്തോടെ സോഷ്യൽമീഡിയയെ വൈറൽ ചുവടുവയ്പ്പിച്ച പാട്ടിനെക്കുറിച്ചുകൂടി പറയേണ്ടതുണ്ട്. വർഷങ്ങൾക്കുശേഷം മഞ്ജു വാര്യർ ഗായികയായി എത്തിയ പാട്ടാണ് കിം കിം കിം. സന്തോഷ് ശിവൻ ചിത്രമായ ജാക്ക് ആൻഡ് ജിൽ റിലീസിംഗിനു മുമ്പേ ശ്രദ്ധ നേടിയത് ഈയൊരു പാട്ടിലൂടെയാണ്. കണ്ണെഴുതി പൊട്ടുംതൊട്ട് എന്ന ചിത്രത്തിലെ ചെമ്പഴുക്കാ എന്ന പാട്ട് മഞ്ജുവിന്റെ ശബ്ദത്തിൽ ഹിറ്റായ ഒന്നാണ്. ഇപ്പോൾ ഈ കുസൃതിപ്പാട്ടിനൊപ്പം മഞ്ജു വീഡിയോയും പങ്കുവച്ചു. ഏതാണ്ട് ഒരുമിനിറ്റു ദൈർഘ്യമുള്ള ചാലഞ്ച് വീഡിയോകളുമായി പതിനായിരക്കണക്കിനുപേർ സോഷ്യൽ മീഡിയയിൽ വരികയും ചെയ്തു. കെനിയയിൽനിന്നുപോലും ആരാധകർ വീഡിയോ ചെയ്തു എന്നറിയുമ്പോൾ വരികളും നൃത്തവും എത്രമാത്രം ഹിറ്റായി എന്നു വ്യക്തമാണ്.

ബി.കെ. ഹരിനാരായണന്റെ വരികൾക്ക് ഈണമിട്ടത് രാം സുരേന്ദറാണ്. കേട്ടിരുന്നുപോകുന്ന കൗതുകം നിറഞ്ഞ പാട്ട്.

കോവിഡ് കാലത്തെ സമ്മർദ്ദങ്ങൾക്കും സങ്കടങ്ങൾക്കും അപ്പുറം പാട്ടുതന്നെയാണ് ആശ്രയം എന്നു തെളിയിക്കുന്നുണ്ട് ഇവയോരോന്നും.

## ആരെയും ഭാവ ഗായകനാക്കും..

ലോക്ക് ഡൗൺ കാലം അല്പമെങ്കിലും താളബോധമുള്ള ഏതാണ്ടെല്ലാവരെയും ഗായകരാക്കി. തുടർച്ചയായി നൂറുകണക്കിനു ദിവസം പാട്ടുകൾ പാടി സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്ത ഒട്ടേറെപ്പേരുണ്ട്. സ്മ്യൂൾ, സ്റ്റാർമേക്കർ തുടങ്ങിയ ആപ്ലിക്കേഷനുകൾ ചെറുഗായകരെ കൊള്ളാവുന്ന ഗായകരാക്കുകയും ചെയ്തു.



സംഗീതവുമായി ബന്ധപ്പെട്ട യുട്യൂബ് ചാനലുകൾക്കും പ്രേക്ഷകരേറി. മൊബൈൽ ഫോണുകളിൽ കാമറ വന്നപ്പോൾ എല്ലാവരും ഫോട്ടോഗ്രാഫർമാരായപോലെ കരോക്കെ ആപ്പുകൾ എല്ലാവരെയും ഗായകരാക്കി. അതിൽ മിടുക്കന്മാരും മിടുക്കികളും കൂടുതൽ തെളിഞ്ഞു. പുതുവർഷം പാട്ടിൽ കുളിച്ചുനിൽക്കട്ടെ എന്നാശിക്കാം. ●

# കവികളും കാവ്യവിദ്യാസങ്കല്പവും




വിനോദ് വി ദേവ്.

'ശബ്ദാർത്ഥൗ സഹിതൗ കാവ്യം ' എന്ന് കാവ്യചിന്തകനായ ഭാമഹാചാര്യർ കവിതയെ നിർവചിച്ചിട്ടുണ്ട്. അതായത് ശബ്ദവും അർത്ഥവും കൂടിച്ചേരുന്നത് കാവ്യം. സമ്യക്കായ ശബ്ദവും അർത്ഥവും കൂടിച്ചേർന്നാൽ രസനിഷ്യന്ദിയായ കാവ്യം ജനിക്കുമെന്ന കാര്യത്തിൽ പണ്ഡിതൻമാർക്കുകൂടി അഭിപ്രായവ്യത്യാസം വരുവാനില്ല. മഹാകവി കാളിദാസൻ വാക്കിനെയും അർത്ഥത്തേയും

ജഗത്പിതാക്കളായ പാർവ്വതീപരമേശ്വരൻമാരായി സങ്കല്പിച്ചിട്ടുണ്ട്. ലോകസംരക്ഷണത്തിനുവേണ്ടി ജഗത്പിതാക്കൾ എങ്ങനെ കൂടിച്ചേരുന്നുവോ അതുപോലെ വാക്കുമർത്ഥവും സമ്യക്കായി സമ്മേളിച്ചാൽ ഉത്കൃഷ്ടമായ കാവ്യം

സൃഷ്ടിക്കപ്പെടുമെന്ന് കാളിദാസൻ വിശ്വസിച്ചിരുന്നു. കവിയുടെ കാവ്യവിദ്യാസങ്കല്പം തന്നെയാണിത്. ഓരോ കവിക്കും അവരുടേതായ കലാസങ്കല്പങ്ങളുണ്ട്. അതിൽ പ്രാചീനരെന്നും ആധുനികരെന്നും ഭേദമില്ല . കവിതയെ സാമൂഹ്യപുരോഗതിയ്ക്കുള്ള ആയുധമാക്കിമാറ്റി സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരേ ധീരമായി തൂലിക ചലിപ്പിച്ച കവിയാണ് കുമാരനാശാൻ. ഈ കാവ്യകലാസങ്കല്പത്തിലൂടെ കവിയുടെ ജീവിതദർശനം തന്നെയാണ് വെളിപ്പെടുന്നത്. മഹാകവി വള്ളത്തോൾ ദേശീയബോധം ,സ്വഭാഷാപ്രേമം ,സാംസ്കാരികബോധം എന്നിവ പ്രമേയമാക്കിക്കൊണ്ട് തന്റെ കാലഘട്ടത്തിലെ സാമൂഹിക മാമൂലുകളോട് സൗന്ദര്യാത്മകമായി കലഹിച്ചു.



വൈലോപ്പിള്ളി

' തുടുവെള്ളാമ്പൽപ്പൊയ്കയല്ല ,ജീവിതത്തിന്റെ ,
കടലേ ,കവിതയ്ക്കു ഞങ്ങൾക്കു മഷിപ്പാത്രം '

എന്നു വൈലോപ്പിള്ളി പാടുമ്പോൾ ഈ കലാസങ്കല്പം ജീവിതദർശനമായിത്തന്നെ മാറുന്നതു നമുക്ക് അനുഭവവേദ്യമാണ്.

പച്ചമലയാളത്തിലെഴുതപ്പെട്ട ആദ്യത്തെ മഹാകാവ്യമായ 'കൃഷ്ണഗാഥയിൽ ' ചെറുശ്ശേരിയുടെ കാവ്യകലാസങ്കല്പവും ജീവിതവീക്ഷണവും നമുക്കു കാണാം. ഭക്തിമാർഗ്ഗത്തിൽ വിരചിയ്ക്കപ്പെട്ട കൃതിയാണെങ്കിലും ലൗകികമായ സൗന്ദര്യം ഈ കൃതിയിൽ ആദ്യന്തം പ്രതിഫലിച്ചുനിൽക്കുന്നു.

' പാലാഴിമാതുതാൻ പാലിച്ചുപോരുന്ന ,
കോലാധിനാഥനുദയവർമ്മൻ,
ആജ്ഞയെ ചെയ്കയാൽ അജ്ഞനായുള്ള ഞാൻ
പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചിപ്പോൾ ..!
ദേവകീസൂനുവായ് മേവിനിന്നീടുന്ന
കേവലംതന്നുടെ ലീല ചൊൽവാൻ ,
ആവതില്ലെങ്കിലും ആശതാൻ ചെയ്കയാൽ
ആരംഭിച്ചീടുന്നേനായവണ്ണം...!
..............................................................................

ഇന്ദിരാതന്നുടെ പുഞ്ചിരിയായൊരു
ചന്ദ്രികാമെയ്യിൽ പരക്കയാലെ, പാലാഴിവെള്ളത്തിൽ മുങ്ങിനിന്നീടുന്ന
നീലാഭമായൊരു ശൈലംപോലെ...
മേവിനിന്നീടുന്ന ദൈവതംതന്നെ, ഞാൻ

കൈവണങ്ങീടുന്നേൻ കാത്തുകൊൾവാൻ, കീർത്തിയെവാഴ്ത്തുവാനോർത്തുനിന്നീടുമെൻ ആർത്തിയേത്തീർത്തു തുണയ്ക്കേണമേ.

ദേശികനാഥൻതൻ പാദങ്ങളേശുമ -

പ്പേശലമായൊരു രേണുലേശം

ക്ലേശങ്ങളേശുന്ന പാശങ്ങളേശായ്വാൻ ആശയംതന്നുള്ളിലാക്കുന്നേൻ ഞാൻ വാരണവീരൻതന്നാനനം കൈക്കൊണ്ടു

പൂരിച്ച വന്മദവാരി മെയ്യിൽ

നിന്നുവിളങ്ങുന്ന ദൈവതംതൻ കനിവെന്നും വിളങ്ങുകയെന്നിൽ മേന്മേൽ;

ഭാരതീദേവിതൻ ഭൂരിയായുള്ളോരു

കാരുണ്യപൂരവും വേറിടാതെ

നന്മധുവോലുന്ന നന്മൊഴി നൽകുവാൻ തണ്മകളഞ്ഞു വിളങ്ങുകെന്നിൽ...!

കവിത കുറ്റമറ്റതാക്കുവാനും കീർത്തികൈവരുവാനും വിനയാന്വിതനായ കവി ഗുരുവിനെയും ഗണപതിയെയും വിദ്യാദേവതയായ സരസ്വതിയെയും സ്തുതിക്കുന്നത് നമ്മൾക്ക് ഇവിടെ കാണാം. കവിയുടെ കലാദർശനംതന്നെയാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്.

ഭാഷാപിതാവായ തുഞ്ചത്ത് എഴുത്തച്ഛൻ

പാടുന്നത്

'വാരിധിതന്നിൽ തിരമാലകൾ എന്നപോലെ


ഭാരതി പദാവലി തോന്നേണം കാലേ

കാലേ'..!

എന്നാണെല്ലോ! വർണവിഗ്രഹയും

വേദാത്മികയുമായ വാണിമാതാവ് തന്റെ

നാവിൽ നൃത്തം ചെയ്തുകാണാൻ കവി ആഗ്രഹിക്കുന്നു. കാരണം ഇരുളടഞ്ഞ കേരള സമൂഹത്തിൽ അധ്യാത്മികതയുടെ



**കുഞ്ചൻ നമ്പ്യാർ**

വെളിച്ചം പ്രസരിപ്പിയ്ക്കേണ്ടത് കവി എന്ന നിലയിൽ തന്റെ കടമയാണെന്ന് അദ്ദേഹത്തിനറിയാം..അതിനു ഭാഷയെ സൂക്ഷ്മമായി

ഉപയോഗിക്കാനുള്ള കഴിവിനുവേണ്ടി കവി പ്രാർത്ഥിയ്ക്കുന്നു. 'രാമകഥാമൃതപാന പൂർണ്ണാനന്ദസാരാനുഭൂതി ' തന്നെയായിരുന്നു അത് കേരളീയസമൂഹത്തിന്. മാത്രമോ ! ഭാഷയെ വിശുദ്ധമായ ഒരു ഏകകത്തിൽ ശുദ്ധീകരിക്കൽ കൂടിയായിരുന്നു മഹാനായ രാമായണഗാന ഗന്ധർവ്വന് കവിത. അതിന്റെ വെളിച്ചം ഭാഷയിലും സമൂഹത്തിലും ഇന്നും തെളിയുന്നു.

കണ്ടങ്കരിക്കാവിൽ ഭഗവതിയേയും വെമ്പലനാട്ടിന്നലങ്കാരമായ ദേവനാരായണസ്വാമിയേയും വന്ദിച്ചുകൊണ്ട് കാവ്യമാരംഭിക്കുന്ന കലക്കത്ത് കുഞ്ചൻനമ്പ്യാർ എന്ന മഹാകവിക്ക് സാഹിത്യമെന്നത് കേവലം

നേരമ്പോക്കായിരുന്നില്ല. സാമൂഹ്യബോധത്തിന്റെ വെളിച്ചം തങ്ങിനിൽക്കുന്ന ദീപയഷ്ടിയായിരുന്നു മഹാകവിക്ക് കവിത. കവിത ചാട്ടവാർ ആക്കിയ

ആ കവി സംസ്കൃതത്തിന്റേയും

മണിപ്രവാളത്തിന്റെയും സ്വാധീനം വിട്ടുമാറാത്ത കേരളഭാഷയിൽ

ജനകീയമായ ഒരു മാറ്റമാണ് വരുത്തിയത്.


സാമൂഹ്യവിമർശനവും ഫലിതാത്മകതയും കേരളീയതയും നിറഞ്ഞുനിൽക്കുന്ന നമ്പ്യാർക്കവിതകൾ

ഭടജനങ്ങടെ നടുവിലുള്ളൊരു

പടയണിക്കിഹ ചേരുവാൻ

വടിവിയൊന്നൊരു ചാരുകേരള

ഭാഷതന്നെ ചിതം വരൂ....!



**ചെറുശേരി**

എന്ന മട്ടിലായിരുന്നു.

അതിന്റെ പ്രഖ്യാപനം തന്നെയായിരുന്നു നമ്പ്യാരുടെ തുള്ളൽപ്പാട്ടുകൾ. അത് കവിയുടെ ജീവിതദർശനത്തിന്റെ പ്രതിഫലനം കൂടിയായിരുന്നു.

വേദാന്തതത്വശാസ്ത്രം പ്രഖ്യാപനംചെയ്തു മനുഷ്യ ജീവിതസുഖങ്ങൾ ക്ഷണികമാണെന്ന് വിളംബരംചെയ്യുന്ന കൃതിയാണ് ഭക്തകവിയായ പൂന്താനത്തിന്റെ ജ്ഞാനപ്പാന . കവിതയിൽ ആദ്യന്തം കവിയുടെ ജീവിതദർശനം പ്രതിഫലിക്കുന്നു. ശക്തമായ സാമൂഹ്യവിമർശനവും ഭക്തിപ്രസ്ഥാനസാഹിത്യത്തിലെ പ്രധാനകൃതിയായ ജ്ഞാനപ്പാനയിലുണ്ട്.

ഗുരുനാഥൻ തുണചെയ്ക സന്തതം ,<br>
തിരുനാമങ്ങൾ നാവിൻമേലെപ്പോഴും<br>
പിരിയാതെയിരിക്കണം നമ്മുടെ<br>
നരജന്മം സഫലമായീടുവാൻ.

എന്നാണ് കാവ്യമാരംഭിയ്ക്കുന്നത്. ഒരു ഭക്തകവിയെ സംബന്ധിച്ചു ശാശ്വതമായ മുക്തിയാണ് ജീവിതലക്ഷ്യം. അതിനുവേണ്ടി കവി പ്രാർത്ഥിയ്ക്കുന്നു.

”കുചേലവൃത്തം ‘ വഞ്ചിപ്പാട്ടിന്റെ കർത്താവായ രാമപുരത്തുവാര്യർക്കും തന്റേതായ കാവ്യകലാസങ്കല്പമുണ്ട്. കാവ്യത്തിലൂടെ കുചേലന് സമാനമായ തന്റെ ജീവിതമാണ് കവി പറയാൻ ആഗ്രഹിയ്ക്കുന്നത്. സൗഹൃദത്തിന്റെ മഹത്വവും ഭക്തിയുടെ അനിർവ്വചനീയമായ സുഗന്ധവും പ്രകാശിപ്പിക്കുന്ന ഈ കൃതിയിലും രാജസ്തുതിയും പരദേവതാസ്തുതിയും നമ്മൾക്കു കാണാം .

കെല്പോടെല്ലാ ജനങ്ങൾക്കും കേടു തീരത്തക്കവണ്ണ-<br>
മെപ്പോഴുമന്നദാനവുംചെയ്തു ചെഞ്ചെമ്മേ,<br>
മുപ്പാരുമടക്കി വാഴും വൈക്കത്തു പെരുംതൃക്കോവി-<br>
ലപ്പാ! ഭഗവാനേ! പോറ്റീ! മറ്റില്ലാശ്രയം..!<br>
മൂർത്തിമൂന്നും മുപ്പത്തുമുക്കോടിദേവന്മാരുമൊരു,<br>
മൂർത്തിയായി മുപ്പാരിന്നു വിളക്കുമായി<br>
മാർത്താണ്ഡാഖ്യയായിരിക്കും പ്രത്യക്ഷദേവതയുടെ<br>
മാഹാത്മ്യമോർത്തിട്ടു മനസ്സലിഞ്ഞീടുന്നു.<br>
സർവദേവതകളും പ്രസാദിച്ചിട്ടനുഗ്രഹിക്കും<br>
സന്തതമെന്നുള്ളിലുള്ള വികാരമോർപ്പൂ!<br>
ഗുർവിയായ ഭക്തിവേണ്ടുന്നേരത്തൊരേടത്തുറച്ചു<br>
ഗുരുവിന്റെ കടാക്ഷംകൊണ്ടെന്നു തോന്നുന്നു.<br>
വഞ്ചനമനുജനായിട്ടവതരിച്ചിരിക്കുന്ന<br>
വഞ്ചിവലവൈരിയുടെ കൃപയ്ക്കിരപ്പാൻ<br>
വഞ്ചികയായ് വന്നാവൂ ഞാ,നെന്നിച്ഛിച്ചു വാഴും കാലം<br>
വഞ്ചിപ്പാട്ടുണ്ടാക്കേണമെന്നരുളിച്ചെയ്തു...!<br>
വേദശാസ്ത്രപുരാണേതിഹാസകാവ്യനാടകാദി<br>
വേദികളായിരിക്കുന്ന കവികളുടെ,<br>
മേദുരങ്ങളായ ഗദ്യപദ്യങ്ങളെ ശ്രവിക്കുന്ന<br>
മേദിനീന്ദ്രനജ്ഞനോടാജ്ഞാപിച്ചതോർപ്പൂ!<br>
വാനവർക്കു നിറവോളമമൃതമർപ്പിച്ച ഭഗ-<br>
വാനു കുചേലകുചിപിടകമെന്നോണം<br>
വാണീഗുണംകൊണ്ടാരെയും പ്രീണിപ്പിക്കും വഞ്ചിവജ്ര-<br>
പാണിക്കെൻ പാട്ടിമ്പമാവാനടിതൊഴുന്നേൻ.

ഏതൊരു കവിക്കും തന്റേതായ കാവ്യകലാസങ്കല്പം ഉണ്ടായിരിക്കും. അവർ ജനിച്ച, വളർന്ന സാമൂഹികസാഹചര്യങ്ങളോടും ഭാഷയോടുമൊക്കെ അത് ബന്ധപ്പെട്ടുനിൽക്കുന്നു. ഇതവരുടെ ജീവിതദർശനമായും പരിണമിക്കുന്നു. ●



# നടതള്ളപ്പെടേണ്ടവരാണോ നമ്മുടെ വൃദ്ധജനങ്ങൾ..?



**ജിൻസി.കെ.പി**

**ജീ**വിതം ഒരു പുഴപോലങ്ങനെ ഒഴുകുകയാണ്.

ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ അവസ്ഥകളിലൂടെയുള്ള ഒഴുക്ക്. ഈ ഒഴുക്കിൽ തുഴഞ്ഞ് തുഴഞ്ഞ് നാം ഏവരും അവസാനം ചെന്നെത്തുന്നത് വാർദ്ധക്യത്തിലേക്കു തന്നെ ഒരു പക്ഷേ ആ സത്യം നമ്മളിൽ പലരുമങ്ങ് മറക്കും മനപ്പൂർവം. അതുകൊണ്ടാണല്ലോ ഇന്ന് നഗരങ്ങൾ തോറും വൃദ്ധസദനങ്ങൾ ക്രമാതീതമായി ഇങ്ങനെ വർദ്ധിച്ചുവരുന്നത്.

തലശ്ശേരി ബ്രെണ്ണൻ കോളേജിൽ ഞാൻ ഡിഗ്രിക്ക് പഠിക്കുന്ന കാലത്ത്, ഞങ്ങൾ പൊളിറ്റിക്സുകാർക്ക് 'വീ ഹെല്പ് ' എന്നൊരു കൂട്ടായ്മ ഉണ്ടായിരുന്നു. തലശ്ശേരിയിലെ ഒരു വൃദ്ധസദനമായ സമാരിറ്റൻ ഹോം, അവിടത്തെ അന്തേവാസികളുമായി ഒരു ദിവസം പങ്കിടാൻ ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ ഞങ്ങൾ അവിടേക്ക് പോയി അവരുമായി ഒരു ദിവസം പങ്കിട്ടു. പാട്ടുപാടിയും, കഥകൾ പറഞ്ഞും ഞങ്ങൾ അവർക്ക് സന്തോഷമുള്ള നിമിഷങ്ങൾ സമ്മാനിച്ചു. കുറച്ചു സമയം അവരുമായി കുശലം പറഞ്ഞിരുന്നു, അതിനിടയിൽ ഒരാൾ എന്നോട് ചോദിച്ചു 'മോൾടെ വീട് എവിടെയാണ്'. 'പാനൂരിൽ' എന്ന എന്റെ മറുപടി കേട്ട അദ്ദേഹം, 'ഓ, നമ്മുടെ പി, ആർ, കുറുപ്പിന്റെ നാട്ടുകാരി, അല്ലെ, എന്ന് കൂട്ടി ചേർത്തു.

മക്കളെ നിങ്ങൾ ഇത്രയും ദൂരെ നിന്നൊക്കെ ഞങ്ങളെ കാണാൻ വരുന്നു. എന്നാൽ ഞങ്ങളുടെ സ്വന്തം മക്കളുണ്ടല്ലോ, അവർ ഞങ്ങളെ ഒന്ന് കാണാൻ പോലും വരാറില്ല. പിന്നെ ആ കണ്ണുകളിൽ നിന്ന് ധാര ധാരയായി കണ്ണുനീർ തുള്ളികൾ പ്രവഹിക്കുന്നതാണ് ഞാൻ കണ്ടത്. കരളലിയിപ്പിക്കുന്ന ആ കാഴ്ച. കണ്ടുനിന്നവരുടെ കണ്ണുകളെയും ഈറനണിയിച്ചു.

ദൈവത്തിന്റെ സ്വന്തം നാട് എന്ന് നാം വിശേഷിപ്പിക്കുന്ന നമ്മുടെ ഈ കൊച്ചു കേരളത്തിൽ വൃദ്ധസദനങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. വിദ്യകൊണ്ട് പ്രബുദ്ധരായ നമ്മുടെ നാട്ടുകാർ വൃദ്ധജനങ്ങളുടെകാര്യത്തിൽ എന്താണ് ഈ പ്രബുദ്ധത കാട്ടാത്തത്?..

അങ്ങേയറ്റം സംസ്കാരശൂന്യമായ പ്രവൃത്തി എന്നുമാത്രമേ ഇതിനെവിശേഷിപ്പിക്കാൻ പറ്റൂ.

ആർഷ ഭാരതസംസ്കാരം അനുസരിച്ച് നാം കൊച്ചു കുഞ്ഞുങ്ങളെ ചൊല്ലി പഠിപ്പിക്കുന്നത് 'മാതാ, പിതാ, ഗുരു ദൈവം ', എന്നാണല്ലോ.

ദൈവം എന്ന് വിശേഷിപ്പിച്ച ആ മാതാവിനെയും പിതാവിനെയും തന്നെയല്ലെ പിന്നീട് നാം തെരുവിലേക്കോ അല്ലെങ്കിൽ ഏതെങ്കിലും അഗതിമന്ദിരങ്ങളിലേക്കോ നടതള്ളുന്നത്. ഇതു കണ്ടുകൊണ്ടാണ് നമ്മുടെ പുതുതലമുറ വളർന്നുവരുന്നത്, അത് നാം ഓർക്കണം.

വൃദ്ധജനങ്ങളെ പീഡിപ്പിക്കുന്നതിനെതിരെ ഇവിടെ നിയമങ്ങളൊരുപാടുണ്ട്, പക്ഷേ ആർക്കെതിരെയാണ് അവർ പരാതിപ്പെടേണ്ടത്, സ്വന്തം മക്കൾക്കെതിരെയോ?

മാതാപിതാക്കളെ സംരക്ഷിക്കുക എന്നത് ഓരോരുത്തരുടെയും ധാർമിക ഉത്തരവാദിത്തമായി ഏറ്റെടുത്ത് മുന്നോട്ട് പോവുകയാണ് വേണ്ടത്.

കാടാറുമാസം നാടാറുമാസം എന്നമട്ടിൽ മാതാപിതാക്കളെ അങ്ങോട്ടും ഇങ്ങോട്ടും തട്ടിക്കളിക്കാതെ, മക്കളോരോരുത്തരുടെയും കർത്തവ്യമായി ഏറ്റെടുത്ത് വൃദ്ധജനങ്ങളെ സംരക്ഷിക്കുകയും ചെയ്യുണം.

# കാർത്തിക... ഒരു നഷ്ട ദീപം




പ്രശാന്ത് എസ്.ആർ.

**അ**ന്ന് സ്കൂൾ വിട്ടാൽ പിന്നെ പതിവിലും വേഗത്തിൽ ഒരൊറ്റ ഓട്ടമാണ്... ഇടയ്ക്ക് കിതപ്പ് മാറ്റും..പിന്നെയും ഓടും.. എന്തിനാണെന്നല്ലെ. പെട്ടെന്ന് വീട്ടിൽ എത്തണം... ഇടിഞ്ഞിലുകൾ ഒക്കെ അമ്മാമ്മ നേരത്തെ റെഡി ആക്കി വെച്ചിട്ടുണ്ടാവും.. വല്ലതും കഴിച്ച പാതി കഴിക്കാത്ത പാതി, ഒരു കാക്കക്കുളിയും കുളിച്ച്വന്ന് എല്ലാ ഇടിഞ്ഞിലിലും തിരി ഇട്ട് എണ്ണ ഒഴിക്കും.. പിന്നെ നല്ല നീളം ഉള്ള ഒരു കമ്പ് എടുത്ത് (തലേ ദിവസം സെറ്റ് ആക്കി വച്ചതാണെ) അതിൽ പന്തം ഒക്കെ കെട്ടി കാത്തിരിക്കും.. നേരം സന്ധ്യ ആവുന്നതും എല്ലാ വിളക്കും കത്തിക്കും.. എന്നിട്ട് വീട്ടിലെ ലൈറ്റ് ഒക്കെ അണച്ചിട്ട് കുറച്ച്ദൂരെ മാറി നിന്ന് ആ ദീപങ്ങളുടെ വെളിച്ചത്തിന്റെ ഭംഗി ആസ്വദിക്കും.. സെൽഫി എടുക്കാനും ഫോട്ടം പിടിക്കാനും ഒരു സംവിധാനവും ഇല്ല.. അങ്ങനൊരു ചിന്ത പോലും ഇല്ലായിരുന്നു അക്കാലത്ത്.. പിന്നെ പന്തം കൊളുത്തി വീടിന് ചുറ്റും മൂന്ന് വലത് വയ്കും... ചുമ്മാ അങ്ങ് കറങ്ങുവല്ല.. 'ഹരി ഓം ഹരി' എന്ന് ഉറക്കെ ജപിച്ച് കൊണ്ടാണ് കറക്കം... അവസാന വലതും കഴിഞ്ഞാൽ പന്തം നേരെ വീടിന് താഴെയുള്ള ചാണകക്കുഴിയിൽ കുത്തി വയ്ക്കും.. ഇനിയാണ് മെയിൻ സംഗതി... നേരത്തെ അടത്ത് വച്ചേക്കുന്ന കരിക്ക് ഉണ്ട് കേട്ടോ.. ഒട്ടും സമയം കളയാതെ അത് വെട്ടി മുഴുവൻ വെള്ളവും അകത്താക്കും. എന്നിട്ട് വെട്ടി അകത്തുള്ള ഇളം കരിക്കും തീർക്കും. എല്ലാവർക്കും ഉള്ള കരിക്ക് ഉണ്ട് കേട്ടോ.. അത് കൊണ്ട് എനിക്കുള്ളത് മുഴുവൻ ഞാൻ തീർക്കും.. അല്ല പിന്നെ... അത് കഴിഞ്ഞാൽ പുഴുങ്ങിയ കാച്ചിൽ മുളകരച്ചതും ചേർത്ത് ഒറ്റയിരുപ്പിന് വെട്ടി വിഴുങ്ങും.. കൂടെ കട്ടൻ ചായയും...

അങ്ങനെ കുറച്ച് വർഷങ്ങൾ.. അല്ല കുറെയേറെ വർഷങ്ങൾ അങ്ങനെ ആയിരുന്നു.... പിന്നെ എപ്പോഴോ പതുക്കെ പതുക്കെ അതൊക്കെ നഷ്ടപെട്ടു തുടങ്ങിയിരുന്നു.. ഓഫീസിൽ നിന്ന് വരുമ്പോൾ വീടിന് മുന്നിലും മറ്റും കുറേ മെഴുക് തിരികൾ കത്തിച്ച് വച്ചേക്കുന്നത് കാണാം.. അമ്മയോ അച്ഛനോ കത്തിച്ചതാണ്.. പന്തം കത്തിക്കുന്ന പരിപാടി ഒക്കെ എങ്ങോ പോയി മറഞ്ഞിരുന്നു.. കരിക്ക് ചിലപ്പോ കാണും.. കാച്ചിൽ കാണാൻ പോലും ഇല്ല...

ഇന്ന് ഇവിടെ ഈ ബാംഗ്ലൂരിൽ എന്റെ മുറിയിൽ ഇരുന്ന് ഇത് എഴുതുമ്പോൾ... കാർത്തിക...അത്.. അതെനിക്കൊരു നഷ്ട ദീപം തന്നെയാണ്...





# ലോകത്തിന്റെ വെളിച്ചം കെട്ടുപോകുന്നു ഒപ്പം ഞാനും ...!?

കവിത



ജയപ്രകാശ് എറവ്

'അവർ കണ്ണ് കൊണ്ട് കണ്ട്
ഹൃദയം കൊണ്ട് ഗ്രഹിച്ച്
കണ്ണുകൾ അന്ധമാക്കുകയും
ഹൃദയം കഠിനമാക്കുകയും ചെയ്തു '
(യോഹന്നാൻ )

ആരും അന്ധരായിരുന്നില്ല.
കണ്ണുകൾ തുറന്ന് തന്നെ.
ഇവിടെയെല്ലാം ഉണ്ടായിരുന്നു,
ഞാനത് കണ്ട് നിന്നതാണ്.
കേട്ടതാണ്.
ആരൊക്കെ വന്ന് പോയെന്ന്
അതിനാൽ ഉറപ്പ്.

ആദ്യമെറിഞ്ഞത് പാപികളല്ലാത്തവരുടെ
നേരെ കല്ല് ,
പിന്നെ ബോംബ്,
തിളക്കമാർന്ന വടിവാൾ.
ചോര കണ്ട് ഉന്മത്തരായവർ.
ഹരം പകർന്ന ഞരമ്പുകൾ .
എനിക്കറിയും പോലെ -
നിങ്ങൾക്കുമറിയാം.
ഇവിടെയെല്ലാം ഉണ്ടായിരുന്നു.
കളിച്ചിരി തമാശകൾ
മുറുക്കി തുപ്പി ,
അക്ഷരശ്ലോകം തീർക്കുന്നവർ,
പറ്റ് കടയിലെ കണക്ക്
തീർക്കാനെത്തിയോർ,
മൈതാനം കളിച്ച് തിമിർത്തോർ ,
വന്ന് പോകുന്ന പെണ്ണുങ്ങളുടെ
ചന്തികുലുക്കം നോക്കി നെടുവീർപ്പിട്ടോർ
ഇവരെല്ലാം വെറും
മുഖംമൂടികൾ മാത്രമായല്ലൊ...!

ലോകത്തിന്റെ വെളിച്ചം
ഇരുട്ടാണെന്നറിയുന്നു.

നാഴികമണിയിൽ നിന്ന്
മുറിഞ്ഞ് വീണ -
ശബ്ദം,
മരണ ഗർത്തത്തിലേക്ക്.
ആകാശം ഇടിമുഴക്കിയലറി .
മഴത്തുള്ളികൾ കൂരമ്പുകളായി വീണ് -
തറച്ചു.
പറവകൾ ഗതിമറന്ന് പറന്നകന്നു.
നക്ഷത്രങ്ങൾ പൊട്ടി പിളർന്നു.
ചന്ദ്രൻ മേഘങ്ങൾക്കിടയിൽപ്പെട്ട്
ശ്വാസംമുട്ടി മൃതിയടഞ്ഞു.
പൂമൊട്ടുകൾ ഇളം മനസ്സാൽ
വാടി കൊഴിഞ്ഞു.
ഇരുട്ട് ..... എങ്ങും ഇരുട്ട്.

ഞാനോരോരുത്തരേയും വിളിച്ചു
'സത്യം സത്യമായി പറയുക.
തെറ്റുകൾ മണ്ണടിയട്ടെ ' .
ഉത്തരങ്ങളില്ലാത്ത
അപശബ്ദ മുഖങ്ങളിൽ നിന്ന്
വീണ് തളർന്ന സ്വരം പുറത്തേയ്ക്കു വന്നു,
' ങേ '...!
ഇവിടെയെല്ലാം ഉണ്ടായിരുന്നു
തളിർത്തും, പുഷ്പിച്ചും
ഇപ്പോൾ ഏകനായ എന്നിൽ നിന്ന്
'ഞാൻ തന്നെ വഴിയും
സത്യവും, ജീവനും '
പടിയിറങ്ങി പോവുന്നു.

# നരമുറ്റിയ ഇടം

കവിത



യഹിയാ മുഹമ്മദ്

നിന്നെ എങ്ങനെ
സ്നേഹിച്ച് തുടങ്ങണം
എന്നെനിക്കറിയില്ല!

പരുപരുത്ത ഇടത്തിലെവിടെയോ?
മുൾക്കാടുകൾക്ക് നടുവിലായ്
സട നഷ്ടപ്പെട്ട്
എന്നെയും കാത്ത്
നീ ഇരിപ്പുണ്ടാവും.....!


ഉണങ്ങിച്ചുക്കിയ
ചില്ലകളിലേക്ക് നീ-
എന്നെയും കൊണ്ട് ചേക്കേറുമ്പോൾ
മണമുള്ള ഒരു വസന്തവും
ആ വഴിയേ വരികയില്ല......

നരമുറ്റിയ ഇടങ്ങൾ
എത്ര പെട്ടന്നാണ്
കണ്ണാടി ക്കണ്ണുകൾ
വേർതിരിച്ചെടുക്കുന്നത്

ഓർമ്മകൾ
അടച്ചിട്ട വാതിൽ പഴുതിലൂടെങ്ങാനും
അവളുടെ ഗന്ധം
ഒന്നു വീശി പോയാമതി പിന്നെ
പച്ച മാംസത്തിന്റെ
ഗന്ധമേറ്റ
ചെന്നായ കൂട്ടം പോലെ
ചിലപ്പോൾ ഞാൻ
ആർത്തി കാണിച്ച് കുരച്ച്
ചാടിയെന്നിരിക്കും.!

നിന്റെ ഈ
ഏകാന്ത പീഡനവാസം
എനി എത്ര കാലം
കണ്ണിലെ അവസാന
തുള്ളി വെളിച്ചത്തെയും
ഊറ്റിക്കുടിച്ചു - നീ
എന്നെ
ഏൽപ്പിക്കാൻ പോവുന്ന
ശൂന്യതയെ - ഞാൻ
എങ്ങനെ പ്രണയിച്ച് തുടങ്ങണം





# മൗനത്തിന്റെ നിറഭേദങ്ങൾ



ഷാജി തലോറ

ചിലശബ്ദങ്ങൾ
മൗനത്തിൽ ഒഴുകിപോകുന്നതായി അനുഭവപ്പെടാറുണ്ട്
ഇരുട്ടു പരക്കുന്ന വൃത്തത്തിന് അപ്പുറത്തേക്ക്.
പ്രാണന്റെ ശ്വാസഗതിയപ്പോൾ
പടവുകൾ കയറി
ഹൃദയത്തിന്റെ ഉച്ചിയിലേക്ക്
നടന്നുപോകും.
മൗനത്തിൽ ഒഴുകി ഒഴുകിയത് അനന്തസാഗരത്തിൽ അലിഞ്ഞുചേരും.
ഓർമ്മകൾ ചിലപ്പോൾ
ചാട്ടവാറടികളായ്
മനസിനെ പൊള്ളിക്കാറുണ്ട്
അപ്പോഴും മൗനം
മന്ദഹസിക്കുകയാവും
പാനപാത്രത്തിലെ അവസാനതുള്ളിയുമൂറ്റിയെടുത്ത്
മൗനം നിഴലുകൾക്കൊപ്പം
വൃത്തത്തിൽ നൃത്തം ചെയ്ത്തുകൊണ്ടിരിക്കും.
ഇനി നിന്റെ ഹൃദയം ആർക്കും കൊടുക്കരുത്.
താഴിട്ട് പൂട്ടി താക്കോൽ
അകലേക്ക് വലിച്ചെറിയുക.
അപ്പോഴാണ് മൗനം വാചാലമാകുന്നത്.



# അനാഥബാല്യം



വിനീത

സനാഥബീജങ്ങൾ
ഒന്നായതിൻ ശേഷം
അനാഥമായതെങ്ങനെ...?

ചൂടിനായ് പരതിയ
ചോരമണക്കും പിഞ്ചുകരങ്ങൾ
നെഞ്ചിൽനിന്നടർത്തി
മാറ്റിയതെങ്ങനെ.....?

കൈവെള്ളക്കുള്ളിൽ
സ്വസ്ഥം ഉറക്കം പൂണ്ട
കുഞ്ഞു മുടിനാരിഴകളെ
തലോടാതിരുന്നതെങ്ങനെ...?

വിരലുകൾ മുറുക്കി
ഭയപ്പാടകറ്റിയ
കുഞ്ഞു കൈപ്പത്തി
മുത്തമിടാതെ പോയതെങ്ങനെ....?

ലോകം തിരിയാത്ത
കുഞ്ഞിളം കണ്ണിലെ
മൊട്ടിടും കൗതുകം
കാണാതെ പോയതെങ്ങനെ....?

എല്ലുറയ്ക്കാത്ത
കുഞ്ഞുകാലൊന്നിളക്കി
ഒഴിഞ്ഞ വയറിന്മേൽ
താളമിടാതെ പോയതെങ്ങനെ...?

അമ്മയെന്നുറക്കെ
കരയും വിളികളിൽ
പാൽ കിനിയും മാറിടം
ചുരത്താതെ പോയതെങ്ങനെ....?

പിച്ചയെടുത്തും ഊരുതെണ്ടിയും
കുപ്പക്കുഴികളിൽ
അന്നം തിരഞ്ഞോനവൻ...

വിരലുകൾക്കിടയിൽ
അക്ഷര വസന്തം
മൊട്ടിടേണ്ട പ്രായം
ജീർണതകൾ അടക്കം ചെയ്ത
എച്ചിൽ കൂനകൾക്കിടയിൽ,
പഴകി നാറുന്ന
ഹോട്ടലുകളുടെ
പിന്നാമ്പുറങ്ങളിൽ
അഴുക്കു പുരണ്ട
പാത്രങ്ങളിൽ
കൈവിരലാൽ
മോഹാക്ഷരങ്ങൾ തൻ
ചിത്രം തനിയെ വരച്ചവൻ....

ചെളിപുരണ്ടഴുക്കായ
വസ്ത്രത്തിന്മേൽ നോക്കി
സഹതാപം നിറഞ്ഞ
കണ്ണുകളുടെ നിഴലുകൾ...
ആക്ഷേപം ഒലിച്ചിറങ്ങുന്ന
ചെറുമന്ദഹാസം....

നോക്കുന്ന നോട്ടങ്ങൾക്കുള്ളിലായ്
അവനുണ്ടൊരോമനപ്പേര്
അനാഥൻ.....

ആട്ടിയകറ്റുന്നവർക്കിടയിലുണ്ടാകാം
ആളറിയാതുള്ളോരച്ഛനും അമ്മയും...

വീർപ്പു മുട്ടും മോഹം
കെട്ടുപൊട്ടും വഴികളിൽ
അനാഥ ബീജം
വിതറാതെ പോകട്ടെ....

# ഒറ്റുകാരൻ




മഞ്ജു സുഭാഷ്

വിശുദ്ധമായൊരു
ചുംബനത്തിന്റെ
ആർദ്രത
സുഹൃത്തിന്
പകർന്നു നൽകുമ്പോൾ
വെള്ളി കാശിന്റെ
തിളക്കമായിരുന്നില്ല
നിറവേറ്റപെടേണ്ട
തിരുവെഴുത്തുകളുടെ
സ്വാധീനമാണ്
അവനെ അലട്ടിയിരുന്നത്
ഒരു തട്ടിൽ സൗഹൃദം
മറു തട്ടിൽ
അധികാരിവർഗ്ഗത്തിന്റെ
നീണ്ട കൈകൾ
ചരിത്രത്തിന്റെ കടമ
നിറവേറ്റാൻ
വിധിക്കപ്പെട്ടവന്റെ
നിസ്സഹായതയോടെ
ആ നീണ്ട കൈകളെ
പിടിക്കുമ്പോൾ
ദുരന്തങ്ങൾ
അവനു മേൽ
അന്യായമായി
ചുമത്തപ്പെട്ട
ചുങ്കങ്ങളായ്
മൂന്നാം നാൾ
ഉയിർത്തെഴുന്നേൽക്കുമെന്ന്
അറിഞ്ഞു കൊണ്ട്
രക്തം ചൊരിഞ്ഞവൻ ത്യാഗി
പാപത്തിന്റെ ശമ്പളം
സ്വയം പ്രായശ്ചിത്തമായ്
തിരഞ്ഞെടുത്തവൻ പാപി

ക്ലാവു പിടിച്ച
മനസ്സുകളുടെയും
ചിന്തകളുടെയും
നടത്തളങ്ങളിൽ
അവൻ തളയ്ക്കപ്പെട്ടു
അവനവർ പേരിട്ടു...
ഒറ്റുകാരൻ!

നീണ്ട താടിരോമങ്ങളിൽ
വിരലോടിച്ച്
കുഴിയിലാണ്ട കണ്ണുകളിൽ
കുറ്റബോധത്തിന്റെ
തരിമ്പുമില്ലാതെ
അവനാ വിളി കേട്ടു
ഒറ്റുകാരൻ.

പ്രാചീന ലിഖിതങ്ങളിലെ
വായ്ച്ചെടുക്കാനാവാത്ത
സത്യങ്ങൾ പോലെ
മുള്ളുകൾക്കിടയിൽ
എറിയപ്പെട്ട വിത്തു പോലെ
അന്യമാക്കപ്പെട്ട
തിരിച്ചറിവിന്റെ
ഉണർവ്വുകളിലേക്ക്
ഇപ്പോഴിതാ
ആ ഒറ്റുകാരൻ
കടന്നു വരുന്നു ...
അധികാരിവർഗ്ഗത്തിന്റെ
നീണ്ടകരങ്ങളിൽ
ഇനിയും കുരുങ്ങാനുള്ള
ഹതഭാഗ്യരുടെ
ആരും കാണാത്ത മുഖങ്ങൾ
അവനെ പിൻതുടരുന്നുണ്ട്.
മുദ്ര വയ്ക്കപ്പെട്ട
വചനങ്ങൾ
അവനെ കണ്ട്
ആർത്തുചിരിച്ചു കൊണ്ട് പറഞ്ഞു:
ഒറ്റുകാരൻ... ഒറ്റുകാരൻ .... ഒറ്റുകാരൻ...



# മൂഢ ധാർഷ്ട്യം



ദീപ്തി കൈരളി

വെറുതയൊരു തിര പിന്നെയും മുറിഞ്ഞുപോയി
കാലിനു കീഴെ,
ഒലിച്ചുപോകുന്ന മൺതരികളോടെനിക്ക്
വല്ലാത്ത പുച്ഛം തോന്നി.
ആഴ്ത്തിവെച്ച തള്ളവിരലുകൾ !!!!!
അതെന്റെയെന്നറിയില്ലേ???
അതിന്റെ കാന്തിക പ്രഭയിൽ,
വിറങ്ങലിച്ച ഭൂമി
എപ്പോഴോ ഭയന്നിരിക്കുന്നു.
പാവം കാറ്റ് !!!
പാഴ്‌വേല ചെയ്തു കൊണ്ടേയിരിക്കുന്നു.
കാരണം ഞാനാണ് സ്രഷ്ടാവ്.
ഇല്ലെങ്കിൽ നീ എന്തെ ഒരു പാറ്റയെ പോലെയല്ല???
രൂപം, ഭാവം, ഇഷ്ടം
ഞാൻ വരച്ചു,
ഞാൻ പറഞ്ഞു.
അല്ലേ? എന്താ സംശയം?
ഞാൻ,  വരച്ച കോലങ്ങൾക്കിപ്പുറം
നിന്റെ നിയമങ്ങൾ മിന്നലായി.
നെയ്ത സ്വപ്നങ്ങൾ, നിന്റെ വീരസാഹസ കാവ്യങ്ങളും.
അല്ലേ?
ഭയന്നവൻ ഭരിക്കപ്പെട്ടു,
മറ്റവൻ ഭരണകർത്താവും.
വെട്ടി ഞാൻ വെറ്റി നേടി,
നിനച്ച സാമ്രാജ്യങ്ങളൊക്കെയും.
ഒടുവിലായുധം നിനക്കാഭരണമാക്കി
നിന്റെ ഗർവിനടയാളമാക്കി.
പിന്നെ ഞാൻ ചിരിച്ചു, അതെ
ഉള്ളാലെയൂറി ചിരിച്ചു.
തിരിവുകൾ,തരംതിരിവുകൾ....
സ്വാർത്ഥത....
പരമകോടിയിൽ ആനന്ദലഹരി പകരവേ
കരുത്തനെ ചേർത്തിണക്കി
ഭാഗങ്ങൾ പലതായി മുറിച്ചു.
നീ...... നീയാണ് കാരണം.
തെല്ലുയർന്ന ശബ്ദങ്ങൾ,
തീയിൽ പുകച്ചു വിട്ടു.
പിന്നെ അവൻ നീയാണെന്നുറക്കെ,
പാട്ടുപാടി.
വിഢികൾ.....
ശതകോടി ജനസഞ്ചയങ്ങൾ,
എന്റൊപ്പമേറ്റു പാടി.
അതെ അവൻ നീയായി....
പിന്നെ പരമ്പരയൊന്നാകെ തീയിൽ ചാടി
അവർ നീയാണത്രെ !!!!!
ജ്ഞാന ദൂതരെയൊക്കെയും,
സ്ഫടിക ഗോപുരങ്ങളിലടക്കി വച്ചു,
വന്ദിച്ചു നിന്ദിച്ചു രസിച്ചു.
പിന്നെ,
കോമാളി കൂട്ടങ്ങളെ പടുത്തു വിട്ടു.
കാരണം, ഞാനാണ് സ്രഷ്ടാവ്.
ഈ ഞാൻ.
പരമാണു പൊരുളെ, യെവിടെ???
മൗനം അത് എപ്പോഴും നല്ലതല്ല.





# കലപ്പജന്മങ്ങൾ



ഗീതാ വിജയൻ

ചങ്കിലെ ചോര കൊണ്ടേ എഴുതുന്നു
ചരിത്രമീ നെഞ്ചിനുള്ളിൽ കണ്ണീരിനുപ്പുകൊണ്ടേനിറയ്ക്കുന്നു
വിശപ്പിന്റെ താളമെന്നിൽ.

കൊത്തിപ്പറിച്ചിടുന്നു മരംകൊത്തി
വൃക്ഷം തുരന്നപോലെ
ഉള്ളുതകർത്തിടുന്നുജപ്തിക്കായി ബാങ്കുകൾ വീണ്ടും വന്നു.

പേമാരി വന്നിടുന്നു പ്രളയവും വന്നു കടന്നുപോയി
കൂകിക്കടന്നുവന്ന കൊടുങ്കാറ്റ് തിന്നു മദിച്ചു പോയേ.

അന്നം നിറച്ചുവച്ചപത്തായത്തിൻ
താക്കോൽ എടുത്തുപോയി കുത്തകകൊള്ളയായി വലയ്ക്കുന്നു
ബ്ലേഡുകൾ ഇഞ്ചിഞ്ചായി.

നഷ്ടം നികത്തിടുവാൻ പത്രങ്ങൾ
മുതലക്കണ്ണീരൊഴുക്കി. ചോര തണുപ്പിക്കാനായ്
തന്ന പണമെല്ലാം റോഡുകളായ്.

കുഴിമാടംകരിഞ്ഞുണങ്ങി  അരികിലായ്
റീത്തുകൾ മത്സരിച്ചു
സ്ഥാനാർത്ഥിവീണ്ടുംവന്നു
വാഗ്ദാനം ചിരിച്ചുപറഞ്ഞു  പോയേ.

കടമെല്ലാം തീർത്തു തരും,  ആശ്വാസധനത്തിനായ്  കത്തെഴുതും .
ഒന്നുമേപേടിക്കേണ്ടപുത്രിക്ക്
ജോലിക്കായ് കാർഡ് വരും .

വീട്ടുകാർ കാത്തിരുന്നു
കഴിഞ്ഞൊരു അഞ്ചു വർഷക്കാലവും
കാർഡുകൾ വന്നതില്ല പുത്രിയോ രണ്ടു പെറ്റും കഴിഞ്ഞു .

കണ്ണുനീർ ചോരയായി
ഒഴുകുന്നു
മണ്ണിലെ പ്രിയ പുത്രന്റെ
വീങ്ങിക്കൊഴുത്തിടുന്നു
കുത്തക മുതലാളി വർഗമിന്നും.

എന്നിനിതീർന്നുകിട്ടുംശാപത്താൽ ഗ്രസ്ഥരായ്  തീർന്ന പോലെ
ദുരിതം വിതയ്ക്കുന്നയീ
ജീവിതപ്രാരാബ്ധംതീർന്നുകിട്ടാൻ.

അന്നം തരുന്നവനേ കാണാത്ത സർക്കാർ നമുക്കെന്തിന്
ആരെയും കൂസവേണ്ടാ
ജീവിക്കൂ  നിങ്ങളും നിങ്ങൾക്കായി.......

# കരിന്തിരി



ചിന്തകൾ ചുറ്റിപ്പിടിച്ചു
ശ്വാസംകിട്ടാതെ നില -
വിളികളിൽ പിടയുന്ന
മനസ്സുകളെന്നുമെന്നും
കേണിരുന്നു :

സ്വന്തമെന്നൊരു മേൽ-
വിലാസത്തിനെന്തെ-
ങ്കിലും: ഒന്നുമൊന്നും
സ്ഥാപിച്ചെടുക്കുവാനല്ല:
വെറുതെ ജീവിച്ചിരിക്കുവാൻ !

മനസ്സിൽ കരിന്തിരി കത്തി-
യണഞ്ഞൊരു വിളക്കിൽ,
പറ്റിപ്പിടിച്ച വിഷാദങ്ങളുടെ
എണ്ണമെഴുക്കുകളിൽ തെന്നി-
വീണില്ലാതെയാകും മുന്നേ ::
ആശയുടെ ഒരു വെട്ടം മതി
കെടാവിളക്കായി നയിക്കാൻ!

കണ്ണുകൾക്ക് ചിത്രവും
നാക്കിനു വാക്കുകളും,
കേൾവിക്ക് ശബ്ദങ്ങളും
മാത്രം മതിയീ വിളക്കു
അണയാതിരിക്കുവാൻ :

നടന്നും ഓടിയും വേഗത
കാട്ടിക്കൂട്ടും ലോകമിതിൽ
ശ്രദ്ധകൊടുക്കുവതാർക്കു?
വിഷാദം തൂങ്ങുകയറിലും,
വീഴ്ചകളിലും,മുങ്ങിത്താഴ്-
ച്ചകളിലും അവസാനിക്കുമ്പോൾ,
ധൃതിയിൽ അതുമൊരു
കണ്ണോട്ടം - ചരമകോളങ്ങളിൽ !

വിളക്കണഞ്ഞ വിചാരങ്ങളുള്ള
പേപ്പർ കഷണങ്ങൾ, ചോറ്-
പൊതിയാനും, ചവറു പെറുക്കാ-
നുമുള്ളപ്പോൾ, ബലിതർപ്പണം
പൂർത്തിയായി



ഡോ. സുകേഷ്



# എണ്ണിയെണ്ണിക്കുറയുമ്പോഴും

പഞ്ചായത്ത് റോഡിൽ നിന്നു
മെയിൻ റോഡിലേക്ക് ബൈക്കോടിക്കുന്നു.
പടിയിറങ്ങവെ, ഭാര്യ ചോറ്റുപാത്രം തന്നു,
വേലിപ്പൂവിനെ, തഴുകി
ഒച്ച താഴ്ത്തി പറഞ്ഞത് മനസ്സിൽ:
അമ്മയുടെ മരുന്ന് ,
മോനു, നോട്ടുപുസ്തകം, കളർ പെൻസിൽ
നാളെ കെ. എസ്. എഫ്. ഇ. ചിട്ടി,
ഞായറാഴ്ച മരുമകളുടെ കല്യാണം.!

പഞ്ചായത്ത് റോഡിൽ നിന്നു
മെയിൻ റോഡിലേക്ക്, എത്തുന്നു
വലത്തോട്ട്, ബൈക്ക് തിരിക്കും മുമ്പെ
ഇടത്തു ഭാഗത്തേക്കു കണ്ണു പാളുന്നു.
ഓരത്തെ, ഇലക്ട്രിക്ക് പോസ്റ്റ്.
പോസ്റ്റിനോടു ചേർന്ന്, വലിയൊരു ചിത്രം
താഴെ, ആദരാഞ്ജലികൾ .
ഒരിക്കൽ കൂടി നോക്കി
പേരു, വായിച്ചു,
പരിചയമില്ലല്ലോ, എന്നുറപ്പിച്ചും,
എണ്ണിയെണ്ണിക്കുറയു-
ന്നിതായുസ്സുമെന്നു നിരീച്ചും
വലത്തോട്ട് തിരിയുന്നു.

ജോലി സ്ഥലത്തെത്താൻ,
വൈകരുതെന്നു നിനച്ചു
ബൈക്കിൻ വേഗം കൂട്ടുന്നു.
ഇന്നു ഞാൻ നാളെ നീ
ഇന്നു ഞാൻ നാളെ നീ
പുറകിൽ നിന്നൊരശരീരി
ചെവിയിൽ കോർക്കുന്നു.



പി. സജീവ്കുമാർ

# ഒരു പൂവിന്റെ പേറ്റു നോവ്!





അമ്മു

ഒരു മഞ്ഞ് കാലം നിറയെ
പൂക്കളോട് മിണ്ടിയിരിക്കണം...
അവയുടെ ഋതുഭേദങ്ങളിലെ
നൊമ്പരം എനിക്കുമറിയണം...

ഈ പൂമ്പൊടി പറയുന്ന
രതികഥകളിൽ,
എനിക്കെന്നെ ഉന്മാദി
ആക്കണം...

ഓരോ പൂവിന്റെയും
പേറ്റ് നോവിന്റെ കഥ
കേട്ട് എന്നിലെ അമ്മയെ
എനിക്കേറെ താലോലിക്കണം...

ഞെട്ടറ്റ് പോയൊരാ വേദന,
പഴകിയ ചില ഓർമകൾ
തൻ വിസ്മൃതിയിൽ,
നീറി അടരുവാൻ മാത്രം,
കാത്തൊരാ നിശബ്ദ
ദളങ്ങൾ അവ...

ഞെട്ടറ്റ് പോകുവാൻ
മാത്രമായി ഒരു കാലം
വേണ്ടന്നൊരു പൂവ്!

ഞാനപ്പോഴും അവയുടെ
ഋതുഭേദങ്ങൾ കണ്ട്
ഉന്മാദി ആയൊരു രതി ദേവി
ആയി തീർന്നിരുന്നു...

അതാ എനിക്ക് മാല
കൊരുക്കുവാൻ മഞ്ഞിൽ
പൂത്തൊരാ പൂവാകയും...

ഇനി അടുത്ത മഞ്ഞ്
കാലത്തിലേക്ക് നോക്കി ഞാനും!
നിശബ്ദം.....

അവിടെത്തിയാൽ ഇങ്ങിനാണ്
പഞ്ച് ചെയ്യും മുൻപേ ഹൃദയമെടുത്തു
ഭദ്രമായി മേശമേൽ വയ്ക്കണം
മുറിയിൽ കയറും മുൻപ് ചിരിയെടുത്തു പടിയുടെ മുകളിൽ വയ്ക്കണം
നിസ്സംഗതയെടുത്തണിഞ്ഞു
ഇരിപ്പിടത്തിൽ ഇരിക്കാം...
ഒരൊറ്റക്കണ്ണൻ മൂകസാക്ഷിയായിരിപ്പുണ്ട്.. .
കണ്ണാടിക്കൂടിനു  മുന്നിലൂടെ
പല തലകൾ വരും...
ആധിപിടിച്ചടുക്കുന്ന തലകൾ.
വിജ്രംഭിച്ചുപൊട്ടാറായ തലകൾ..
അലമുറയിട്ടു വരുന്ന തലകൾ..
എങ്കിലും..
അറിയിപ്പുകൾ നൽകുക....
ആശ്വാസമോ ആലിംഗനമോ വേണ്ട..
അലിവോടെ നോക്കുക പോലും വേണ്ട
ചിരിയെന്ന മരകായുധവും അടിയറവുവച്ചിരിക്കുന്നതിനാൽ
അറിയാത്തൊരു ഭാവം അണിഞ്ഞിരുന്നാൽ മതി..
ഒരു അന്യഗൃഹജീവിയെപ്പോലെ..
നിങ്ങൾക്കറിയാൻ ഇടയില്ലാത്തൊരിടം!
ഒന്നുമാത്രം...
തിരികെ വരുമ്പോൾ ഊരിവച്ച ഹൃദയം മറക്കാതെയെടുത്തണിയുക
പടിയുടെ മുകളിൽ വച്ച ചിരിയെയെടുത്തു ചുണ്ടിൽ ചേർക്കുക





**പ്രജീഷ ജയരാജ്**

# പലേടങ്ങളിൽ ഒരിടം



# ഇതോ നിന്റെ കടങ്കഥ!

പല്ലികൾ ചുംബിച്ചു!
ചുംബിച്ചോ?
അറിയില്ല, ചുണ്ടുകൾ തമ്മിൽ കൂട്ടിമുട്ടി.

ഞാൻ കണ്ടതറിഞ്ഞോ!
അതറിയില്ല,
അവർ പിന്നെ ചുമരു ചുറ്റിക്കളി തന്നെ മൊത്തം.

ഞാനൊന്ന് ചോദിക്കാം.
ചോദിക്കൂ!
അത് പിന്നെ,
പ്രകൃത്യാലുള്ളത് പോലൊക്കെ അവർ രണ്ടും
രണ്ടു ജാതിക്കാർ തന്നെയാണോ?

അവളെന്റെ കണ്ണിലേക്കൊരു നോട്ടമിട്ടു.
ഞാനെന്റെ കൈകളെ കോർത്തിണക്കി!

മൗനം കൊടുങ്കാടായി,
ഞാനതിനോരത്ത് കുളിരു നോക്കുന്നൊരു യാത്രികയും!

ഇരുളിൽ ഇടതൂർന്നൊഴുകുന്നൊരരുവിയിൽ
അവളെന്നെ ഗാഢമായ് പുൽകിയൊഴുക്കി.

ചിരി മാഞ്ഞു, ചിറിയിൽ ചെറുതേനുതിർന്നു,
ഞാനതിൻ മധുരത്തെ നുണഞ്ഞുറങ്ങി.

ചുണ്ടോടു ചുണ്ടുകൾ ചേർക്കുന്ന പല്ലികൾ,
അവർ രണ്ടും പിന്നെയും ഒന്നിച്ച് കൺമുന്നിൽ!
അവിടേക്ക് കൈചൂണ്ടി അവളെ നോക്കി,
ചോദ്യമോ, അത് വേണ്ട,
ഉത്തരമില്ലെങ്കിൽ ചോദ്യങ്ങൾ നാവിനു ഭാരമല്ലേ?
ആണാകും പെണ്ണാകും,
അല്ലെങ്കിൽ നമ്മളെപ്പോൽ  പെൺപല്ലി
ചുംബിച്ചിരിക്കല്ലേ പെണ്ണിനെ!



നിത്യലക്ഷ്മി

# കാട്



അജേഷ്.പി

ഓരോ
മനുഷ്യനിലും
ഒരു കാടുണ്ട്,
വരണ്ടുപോയത്,
പൂത്തു തളിർത്തത്
വന്യമായത്,

വരണ്ടതിൽ
ചീന്തിയടർത്തിയ
കുറേ നിലവിളികളുണ്ട്,
ചോരമണക്കുന്ന
ഒരുപറ്റം നാവുകളും,

പൂത്തു തളിർത്തതിൽ
ഇടംവലം നോക്കാതെ,
പച്ചപരവതാനിയിൽ
സുഖത്തിന്റെ തേൻ
നുകരുന്നുണ്ട് ചിലർ.

വന്യമായതിൽ
കവിയാണ്,
ആഴത്തിൽ നിന്നു
ചൂഴ്ന്നെടുത്ത
ഒരുപിടി ചോദ്യങ്ങളുണ്ട്
കൈയിൽ.
ഹൃദയത്തിൽ
നോവിന്റെ
ഒരുപിടി അക്ഷരങ്ങളും.

# ഇരകളായപ്പോഴാണ്



സുനി



പകലുകളുടെ
നീണ്ട ആലോചനയിലോ
യാമങ്ങളിലെ
ഉറങ്ങാത്ത ചിന്തകളിലോ
നീയുണ്ടായിരുന്നില്ല

ഓർമ്മകളുടെ
ചില്ലലമാരക്കൂട്ടിൽ
അടുക്കിവെച്ച
ചാരായക്കുപ്പിയിലും
നിന്റെ മുഖം കണ്ടില്ല

ഇരവിഴുങ്ങിയ
പാമ്പിനെ വഴിവക്കിൽ
ആരോ തല്ലിക്കൊന്നപ്പോൾ
പാമ്പായി ഞാനും
ഇരയായി
നീയുമുണ്ടായിരുന്നു.

രണ്ടു പേരും
ഇരകളായപ്പോഴാണ്
മരിച്ച ഓർമ്മകൾക്ക്
ജീവൻ വെച്ചത്.

# മുടിയുടെ പര്യായങ്ങൾ

നീലയമരിയും, കയ്യോന്നിയും,ചെമ്പരത്തിയും,
തുളസിയുമൊക്കെയിട്ട്, കാച്ചിമുറുക്കിയ എണ്ണ തേച്ച്
കറ്റാർവാഴകൾ തിങ്ങിനിറഞ്ഞ കുളിർമ്മയിൽ മുങ്ങിനിവർന്ന്,
കൗമാരത്തിന്റെ ഉല്ലാസപ്പടവുകൾ കയറുന്ന കാലം.
നിതംബം കവിയുന്ന മുടിയുള്ളതിനാൽ
അതിന്റെ പര്യായങ്ങളിൽ നീരാടിയ കാലം.

ചുവന്ന ധാവണിയും, ബ്ലൗസുമണിഞ്ഞ്
പുലർപ്പൂമുഖപ്പടിയിൽ ചന്ദനരേണുവണിഞ്ഞ നാൾ,
പനങ്കുലച്ചാർത്തായ് എന്റെ നീലിയുടെ മുടിയെന്ന് തായ്മൊഴി.

ഞാറ്റ്നൃത്തം കണ്ട്,പടയണിവേലയിൽ മുഴുകി,
ക്ഷേത്രപ്പടവിൽ നിന്നപ്പോൾ
തെയ്യത്തിരുമുടിയായ് എന്റെ ഭദ്രയുടെ ശിരസ്സെന്ന് താതവാക്യം.

ഈറൻകാറ്റേറ്റ്, മീൻതുള്ളാട്ടം കണ്ട്,
സായാഹ്നനീലിമയിലമർന്നപ്പോൾ
കാർമുകിൽ തിരയിളക്കമായ് എന്റെ
അരുണാംഗിയുടെ മുടിയെന്ന് സഖിമൊഴി.

വേലിത്തലപ്പിൻ വസന്തകേളി കണ്ട്,
ഇളംമണ്ണിൻ മർമ്മരത്തിൽ പാദങ്ങൾ ചേർത്തപ്പോൾ
ഘനശ്യാമവനഗാംഭീര്യമായ് എന്റെ
കുറിഞ്ഞിയുടെ മുടിയെന്ന് സോദരീവാക്യം.



പക്ഷെ, ഇന്ന്, ഇവിടെ നിന്നെ കാണുമ്പോൾ,
അശ്രുവൊടുങ്ങിയ കണ്ണുകളിൽ നോക്കുമ്പോൾ,
ഹിമമുടികളിലെ നേരിയ നീരൊഴുക്കുകൾ പോലെ
നീലവിരിപ്പാർന്ന ഞരമ്പുകൾ കാണുമ്പോൾ,
ഒരിടിമിന്നലാൽ വന്ധ്യയാക്കപ്പെട്ട വനഹൃദയം പോലെ
നിന്റെ തലയോട്ടി നിറയുമ്പോൾ
സഖീ, അടച്ചു വെയ്ക്കട്ടെ
ഞാനാ പര്യായങ്ങളെ.
ഈ നിമിഷങ്ങളുടെ പുസ്തകത്താളിലൊരു
മയിൽപ്പീലിത്തുണ്ടു പോൽ.

നിറയുന്ന ചിരിയോടെ
ഏകാം ഞാൻ നിനക്ക്.
വിളറിയ കണ്ണുകൾക്ക് ഒരു കൺമഷിക്കൂട്ട്,
തലയോടിന്റെ സ്നിഗ്ദ്ധതയ്ക്കാർദ്രമാം കമ്പളം,
താണുപോയ ശിരസ്സിന് ഒരു കാക്കപ്പൂക്കിരീടം.



സോണി വർഗീസ് വാരനാട്

നീയും, ഞാനുമെന്ന വിദൂരബിന്ദുക്കളിൽ നിന്ന്,
നമ്മളൊന്നെന്ന സാഗര വിശാലതയിലലിയുമ്പോൾ
ഞാനറിയുന്നു.
സഖീ, ഏറെ ഹൃദ്യമീ പുതിയ പര്യായങ്ങൾ.
കാരണമവയ്ക്ക് പങ്ക് വെയ്ക്കലിൻ നേരുണ്ടല്ലോ..



# വിടപ്പാടം

പ്രതീക്ഷകൾ,
ഏകാന്ത ഗഹ്വരം പോലെ–
അന്തമില്ലാത്തതോ,
നീളമറിയാത്തതോ ആണ്!

നിശ്വാസങ്ങൾ പോലും പ്രതിധ്വനിക്കുന്ന
മൗന കുടീരം.

ആത്മാവിന്റെ തീയിൽ വെന്തുണങ്ങുന്ന
ഉഷ്ണ പ്രാർത്ഥനകൾ!

മരിച്ചിട്ടും ദഹിപ്പിക്കാത്ത ഓർമകളുടെ ശവക്കുഴി

തിളക്കം കെട്ടകണ്ണിലെ തിളച്ച കണ്ണീർ
കടലെടുത്തിരമ്പിയ പ്രളയം

അന്ത്യയാത്രയിലെ ഒരു ചുംബനം.
ശവക്കുഴിയിലെ,
വേവുന്ന തണുപ്പിലെ നിദ്ര!

കബന്ധങ്ങളെ പുണർന്ന്
കുലംവിട്ടുവന്നവന്റെ ആദ്യരാത്രി



സുനിൽരാജ് സത്യ



# ഇനി വേണ്ട ഇരയെന്ന ഹാഷ് ടാഗ്



സിന്ധു ഗാഥ

കാലമാം
യവനികയ്ക്കുള്ളിൽ
മറഞ്ഞിരിക്കും
കാലനേക്കാൾ
ക്രൂരന്മാരാം മാനവർ
വാഴുമിടമീ ഭൂമി...

കാമാഗ്നിയിൽ
വെന്തുരുകിയവളെ
വാക് വാൾ പയറ്റിനാൽ
തുടരെ തുടരെ
ഹൃദയം കീറി മുറിക്കും
ഹൃദയശൂന്യരാം
നരാധമന്മാർ വാഴുമിടം...

തെരുവു പട്ടികളുടെ
കടിപിടിക്കിടയിലൂടെ
നടന്നു നീങ്ങുമ്പോഴും
അവൾ തൻ ശിരസ്സ്
തെല്ലിട പോലും
കുനിഞ്ഞില്ല ...

അപരാധം ചെയ്തവന്
അപമാനബോധമില്ലെങ്കിൽ
ഇരകളെന്ന വിളിപ്പേരിന്റെ
ഭാരമെന്തിനു ചുമക്കണം

ഇല്ല... തളരുകില്ലിനി
തലകുനിക്കുകില്ലിനി

കണ്ണിലെരിയും
പകക്കനലോടവൾ
പൊരുതി ജയിക്കുവാൻ
ഉറച്ച മനമോടെ
ഉയർന്ന ശിരസ്സോടെ
പണയപ്പെടുത്താത്ത
നട്ടെല്ലുമായവൾ

ഇന്നലെകളെ
വേരോടെ പിഴുത്
ചവറ്റു കൊട്ടയിലിട്ട്
ഇന്നിന്റെ തോളോട്
തോളു ചേർന്ന്
നടന്നു കയറി
പുതുജീവതത്തിലേക്ക്

അവിടെയിനി വേണ്ട
നഷ്ടങ്ങളുടെ കണക്കെടുപ്പും
ഇരയെന്ന ഹാഷ് ടാഗും

# അടച്ചുപൂട്ട്



ശാമിൽ ചുള്ളിപ്പാറ

ഒരുപാട് സങ്കടങ്ങളുടെ
കഥയിന്ന് മാവ് പറഞ്ഞുതന്നു,
പ്രഭാതത്തിന്റെ
തിരിനാളമുദിക്കുംമുമ്പേ...
അണ്ണാറക്കണ്ണൻ
ഞെട്ടറ്റിച്ചിട്ട  മധുരക്കനിനുണയാൻ
വരുന്ന കുട്ടികളിന്നെവിടെ?
പ്രസരിക്കുന്ന മഞ്ഞിൽ
കണ്ണുപൊത്തിക്കളിച്ച
കുഞ്ഞുമനസ്സുകളെവിടെ?
ഒരു പാട് കഥകൾ പറഞ്ഞുതന്ന
മുത്തശ്ശിയെവിടെ ?
ഉച്ചിയിലാടുന്ന
മരച്ചില്ലകളും
മരത്തണൽതിണ്ണയും തൊട്ടിരുമ്പാത്തതിന്റെ
പരിഭവം പിറു പിറുക്കുന്നുണ്ടത്രേ...!
മൂത്ത് മരവിച്ച
മാവിന്റെ ചവർപ്പുള്ള
സങ്കടം എല്ലാവരേയുമലട്ടി.
അപ്പോഴാണ്
പുള്ളിക്കുയിൽ പറഞ്ഞത്
’ഈ മഹാമാരിക്കാലത്ത്
കുട്ടികൾ വീടകങ്ങളിൽ
അടച്ചുപൂട്ടിയിരിക്കുവാണ-
ത്രേ’......!



# മോഹം



കെ. ആർ. ജോൺസൺ

മേശപ്പുറത്ത്  ബോർഹസ്സും മാർകിസ്സും മലർന്നു കിടക്കുന്നു. സമീപം ടോപ്പ് തുറന്ന പേനയും.   പുറത്ത് കലമ്പൽ കൂട്ടുന്ന കുഞ്ഞുങ്ങളുടെ ശബ്ദ ഘോഷങ്ങൾ ചെവി തുളയ്ക്കുന്നു. എഴുന്നേറ്റു.

'ഡാംഡ്... ' ഒന്നു വായിക്കാൻ കൂടി സമ്മതിക്കില്ല. ഭാര്യ ഓഫീസിൽ നിന്നു വന്നിട്ടില്ല. അവളെ കുഞ്ഞുങ്ങൾക്കു ഭയമാണ്.

ഈ നിലയ്ക്കു പോയാൽ തീസിസ് ഉടനെങ്ങും തീരുമെന്നു തോന്നുന്നില്ല.

അയാൾ കബേർഡ് തുറന്നു. പാതിയാക്കി വച്ച വിസ്കിക്കുപ്പിയെടുത്ത് രണ്ട് പെഗ്ഗ് പകർന്നു. ഗ്ലാസ് ,നട്ട്സ് എല്ലാം അവിടെത്തന്നെയുണ്ട്. എല്ലാം വച്ചിടത്തുണ്ടാകുന്നത് വലപ്പോഴുമാണ്.

പൂക്കൾ തുന്നിപ്പിടിപ്പിച്ച പുതിയ ഒരു തുണി വിരി ബെഡ്ഡിന്മേൽ നിവർത്തിയിട്ടു . തല ഉയരുന്നില്ല.ഒന്നു മയങ്ങാം. രണ്ടു പെഗ്ഗെങ്കിലുമില്ലെങ്കിൽ ഈ നേരത്ത് എങ്ങനെ ഉറക്കം വരും?'

'ഈ ജോൺ എന്നും ഇങ്ങനെയാണോ?'



സ്വരം കേട്ടു കണ്ണു തുറന്നപ്പോൾ ഭാര്യയുടെ ഫ്രണ്ടാണ് .ഞാൻ മയങ്ങാൻ തുടങ്ങുകയായിരുന്നു. അവൾ നിന്നു ചിരിക്കുകയാണ്. എന്തിനും ഏതിനും ചിരിക്കുന്ന പ്രകൃതം; ഒരാവശ്യവുമില്ലാതെ.

പക്ഷെ, ഈ ചിരി മത്തു പിടിപ്പിക്കു ന്നു.അയാൾ സ്വയം നിയന്ത്രിച്ചു.

ടി.വി.യിൽ നിന്ന് നാനാതരത്തിലുമുള്ള ശബ്ദങ്ങൾ ...

ഇംഗ്ലണ്ടിൽ നടക്കുന്ന ക്രിക്കറ്റ് മാച്ചാണ് .

ഡോറിനടുത്തു വീണ്ടും ചിരി വീണുടയുന്നു.

'നിന്റെ ഈ ചിരിയുണ്ടല്ലോ, ഇറ്റ്സ്

വെരി ഡേഞ്ചറസ് ' – ഇത്തവണ ഞാൻ പറഞ്ഞു. അവൾ  പൊടുന്നനെ മുറിയിലേക്ക്കടന്നു വന്നു.

'ജോണിന് മാഡാണ്. എപ്പോഴും ഉറക്കം തന്നെ .പുവ്ർ  ഫെല്ലോ'

അവൾ വീണ്ടും ചിരിച്ചു.

'ഒന്നു നിറുത്താമോ? എന്തൊരു ചിരിയാണിത്? '


'ഹോ, ജോൺ വല്ലാത്ത മനുഷ്യൻ തന്നെ. എന്താ പേടിയാവുന്നോ?'

അവൾ ചിരിച്ചു ചിരിച്ച് ബെഡ്ഡിന്റെ പതുപതുപ്പിലേക്ക് കുഴഞ്ഞു വീണു. അവൾ മധുരമായി മൊഴി ഞ്ഞു

' നീ എനിക്കായിഒരു ഈണം മീട്ടുമോ?' –

ഞാൻ എഴുന്നേറ്റിരുന്ന് എന്റെ ഗിറ്റാറിൽ വായന തുടങ്ങി.. അവൾ പാടാനും..

# പിരാന്ത്






അനിൽ കുമാർ എസ്.ഡി.

ഒരു മനുഷ്യന്റെ കേൾവിയും കാഴ്ചയും ഉൾക്കാഴ്ചയും എങ്ങനെ മറ്റൊരാൾക്ക് അളക്കുവാൻ കഴിയും. ഏതൊരു കാഴ്ചയും നമ്മുടെ തിരിച്ചറിവിലല്ലേ തലച്ചോറ് ഒപ്പിയെടുക്കുന്നത്. കേൾക്കുന്നതും അറിയുന്നതും തലച്ചോറിലല്ലേ. മനുഷ്യന്റെ തലച്ചോറിന്റെ പ്രവർത്തനങ്ങൾ എല്ലാ മനുഷ്യർക്കും ഒരു പോലെയാണോ. ഒരാൾക്ക് അസാധാരണമായ കേൾവികളും കാഴ്ചകളും തിരിച്ചറിവുകളും ഉണ്ടായാൽ അതിനെ ശാസ്ത്രീയമായി സമീപിക്കുകയല്ലേ വേണ്ടത്. മറ്റുള്ളവർക്ക് കാണാനാകാത്ത കാഴ്ചകൾ കാണുന്നതിനെ നിങ്ങൾ ഇല്യൂഷ്യൻ ആക്കുന്നതെങ്ങനെ? മറ്റുള്ളവർ കാണാത്ത കാഴ്ചകൾ കാണുന്ന എന്നെ ഭ്രാന്തനാക്കുന്നത് തെമ്മാടിത്തമല്ലേ .നിങ്ങൾക്ക് കണ്ടെത്താനാവാത്ത കാഴ്ചകൾ കാണുന്ന എന്നെ അഭിനന്ദിക്കുകയല്ലേ വേണ്ടത് .ഞാൻ നിസ്സാരക്കാരനാണോ .കകഠയിൽ നിന്നും ഡിഗ്രിയെടുക്കുക നിസ്സാരമാണോ .എന്റെ അക്കാഡമിക് ബ്രില്യൻസ് ഇല്ലാത്ത ഊളകൾ എന്റെ കാഴ്ചയെ വെല്ലുവിളിക്കുന്നത് എന്തിന്? ധിഷണയില്ലാത്ത ഡോക്ടർമാർ ചിന്തയില്ലാത്ത മാംസപിണ്ഡങ്ങളായി മാറും .നിർഭാഗ്യവശാൽ പല മനോരോഗ വിദഗ്ദരും ഇത്തരം കഴുതകളാണ് . ഞാൻ കണ്ട സത്യങ്ങളും കേട്ട ശബ്ദങ്ങളും സത്യമല്ല എന്ന് പറയുന്നവരെ എനിക്കെങ്ങനെ വിശ്വസിക്കാനാകും .എന്നെ വേട്ടയാടുന്ന ചില ശക്തികളുടെ കൈയിലെ കളിപ്പാവയാണ് ഈ ഡോക്ടർമാർ .കള്ളം പറയുവാനും പ്രചരിപ്പിക്കുവാനും അവർ സംഘം ചേരുന്നു .

നമ്മുടെ സ്വതന്ത്രജനാധിപത്യ രാജ്യത്തിൽ ഒരു പൗരന് തന്റെ കാഴ്ചകളും കേൾവികളും വിശ്വാസങ്ങളും സംരക്ഷിക്കാനുള്ള അവകാശമില്ലേ .എന്തിനാണ് എന്നെ ആവശ്യമില്ലാത്ത ചികിൽസകൾക്കും മരുന്നുകൾക്കും വിധേയനാക്കുന്നത് .നിങ്ങൾ മാന്യനായ ഒരു മനുഷ്യനാണല്ലോ .നിങ്ങൾ ഒരു മനോരോഗ വിദഗ്ദനാണെന്നതിനേക്കാൾ നിങ്ങൾ ഒരു സന്തുലിത ചിന്താഗതിക്കാരനാണ് എന്ന വസ്തുതയിലാണ് ഞാൻ താങ്കളെ സമീപിക്കുന്നത് .താങ്കൾക്ക് എന്റെ കഥ കേൾക്കുമ്പോൾ എന്നെ തിരിച്ചറിയാനാകും .

എന്റെ ജീവിതത്തെ മാറ്റിമറിച്ച സംഭവങ്ങളുടെ തുടക്കം എന്റെ വിവാഹമായിരുന്നല്ലോ .കകഠ യിലെ പഠനത്തിന് ശേഷം എന്നെ ചില മൾട്ടിനാഷണലുകൾ റാഞ്ചിയില്ലേ. മനുഷ്യരക്തം രുചിക്കുന്ന ഈ തെണ്ടികളുടെ കൂടെ ജീവിതം ദുസ്സഹമാണല്ലോ .പണവും കണക്കുകളും ചതിയും നിറഞ്ഞ ഈ കോർപ്പറേറ്റ് കൾച്ചർ ആരും മടുത്തു പോകില്ലേ .എനിക്കും മടുത്തിട്ടല്ലേ ഞാൻ ജോലി വലിച്ചെറിഞ്ഞത് .ഒരു ജോലി എന്ന നിലയിൽ കിന്റർഗാർട്ടനിലെ അധ്യാപക ജോലി തിരഞ്ഞെടുത്തതിൽ എന്താണ് തെറ്റ് .വിരിയുന്ന മൊട്ടുകൾ പോലെയല്ലേ

കുട്ടികൾ .അവരുടെ കൂടെ സമയം ചിലവഴിക്കുക സന്തോഷകരവും .ശമ്പളത്തിന്റെ കനമല്ലല്ലോ മനസ്സിന്റെ ശാന്തതയല്ലേ മനുഷ്യന് ആവശ്യം .എന്റെ മനസ്സിന്റെ താരള്യത്തിനായി ഞാൻ ചെയ്യുന്ന ജോലിയെ അപഹസിക്കുന്നവർ മനുഷ്യന്റെ മനസ്സു വായിക്കുന്ന ഡോക്ടറാകുമോ?

നമ്മുടെ മനസ്സും ശരീരവും പങ്ക് വയ്ക്കാനല്ലേ നാം ഒരു പങ്കാളിയെ തേടുന്നത് . ശാരീരികമായ അടുപ്പത്തിന്റെ ലഹരിയേക്കാൾ മാനസിക വ്യാപാരങ്ങളുടെ ലഹരിയല്ലേ വൈവാഹിക ജീവിതത്തിന്റെ ജീവനാഡി .ആ ജീവനാഡി മുറിഞ്ഞു പോയാൽ ഏതു ജീവിതവും മുടന്തില്ലേ.

എത്ര പ്രതീക്ഷയോടെയാണ് ഞാൻ മോളിയെ കെട്ടിയത് .ആറുമാസങ്ങൾ സ്വർഗ്ഗത്തിലല്ലേ ഞങ്ങൾ കഴിഞ്ഞത് . ആ ഊഷ്മളതയിലല്ലേ അവൾ ഗർഭിണിയായത് .അവൾക്ക് മൂന്ന് മാസം ഗർഭമുള്ള ഒരു രാത്രി .ഞാൻ നേരുത്തേ ഉറങ്ങുന്ന സ്വഭാവക്കാരനല്ലേ .എപ്പോഴോ ഞാൻ ഉണർന്നു .റൂമിൽ നല്ല ഇരുട്ട് .മോളി ചുവന്ന ഒരു നൈറ്റി ഇട്ടിരിക്കുന്നു .അവളുടെ വെളുത്ത തുടകൾ പരന്നു കിടക്കുന്നു .ഹുക്ക് അകന്ന നൈറ്റിക്കിടയിലൂടെ മുലകൾ തുറിച്ചു നോക്കുന്നു .ഒരു പ്രത്യേക ഭാഷയിൽ അവളുടെ വയറിൽ നിന്നും ഒരു കുട്ടി സംസാരിക്കുന്നു .ഉറക്കത്തിന്റെ ഭ്രാന്തോ, സ്വപ്നമോ ആകാമല്ലോ .ഇത്തരം ഒരു സംഭവം നമുക്ക് പരിചയമില്ലല്ലോ .പുരാണത്തിൽ അഭിമന്യു ഇങ്ങനെ സംസാരിച്ചതായി കേട്ടിട്ടുണ്ടല്ലോ .അതുകൊണ്ട് നാം ഇതിന്റെ സത്യാവസ്ഥ മനസ്സിലാക്കണമല്ലോ .ഞാൻ എന്റെ ശാസ്ത്രബോധം ഉയർത്തി .മുഖം കഴുകി ,എന്നെയൊന്ന് നുള്ളി .വീണ്ടും മോളിയുടെ അടുത്തെത്തി .അവളുടെ അടിവയറിൽ നിന്നും ഒരു സംഭാഷണം .ഭാഷ പരിചയമുള്ളതല്ല ,എന്നാൽ എനിക്ക് പരിചിതം .എന്നെ അവൾ പപ്പയെന്നാണ് വിളിച്ചത് .ഞാൻ ആ സംഭാഷണം ഒന്നുകൂടി ആവർത്തിക്കാം .

" പപ്പാ ,ഞാൻ ക്ലിയോപാട്ര '

' എന്റെ മോളല്ലേ '

' പപ്പയുടെ ജനിതക സന്തതിയല്ല '

' പിന്നെ?'

' ടോളമി ꞉ശശ ന്റെ മകൾ '

' ഏത് ടോളമി ശശ '

' ടോളമി ശശശ ന്റെയും ടോളമി ശ്ന്റെയും അച്ഛൻ .'

" കഥയിൽ നീ കടുംവെട്ട് നടത്തുന്നോ? '

' പപ്പാ ,മോളിമമ്മിയുടെ കടും വെട്ട് '

' ടോളമി ശശ എപ്പോൾ ? എങ്ങനെ ? '

' പപ്പയുടെ കാഴ്ചകൾക്ക് പുറത്ത് ,കേൾവികൾക്ക് മേലേ '

' എന്നാലും മോളേയെന്ന് വിളിച്ചോട്ടേ '

' മോളേയെന്ന് വിളിക്കേണ്ടി വരും പപ്പാ ,മോനേയെന്നും വിളിക്കേണ്ടി വരും .കാണാത്ത കാഴ്ചകൾ കാണേണ്ടി വരും .കേട്ടുകൂടാത്ത വാക്കുകൾ കേൾക്കേണ്ടി വരും .'

' എന്ത് വാർത്തകൾ '

' സഹോദരിയെ പ്രാപിക്കുന്ന സഹോദരൻ .ക്ലിയോപാട്രയെ തിരക്കിപ്പോകുന്ന ജൂലിയസ് സീസർ, സിസേറിയനാകുന്ന മകൻ ,സീസറിനെ കൊല്ലുന്ന ക്ലിയോപാട്ര ,ആന്റണിയിൽ പൂക്കുന്ന ക്ലിയോപാട്ര .ടോളമി ശ്നെ കൊല്ലുന്ന സഹോദരി . '

' എനിക്ക് കേട്ടിട്ട് ഭ്രാന്താകുന്നു മകളേ ,എന്നാലും കാണാതെ ഞാൻ വിശ്വസിക്കില്ല .'

" പപ്പായ്ക്ക് ഞാൻ കാട്ടിത്തരാം .സഞ്ജയൻ ധൃതരാഷ്ട്രരോട് മഹാഭാരത യുദ്ധം പറഞ്ഞതിലും മേലേ ലൈറ്റും സൗണ്ടും വീഡിയോയും നൽകി കാട്ടാം.എന്നാൽ ആരോടും പപ്പാ ഈ കാര്യം പറയരുത് .'

പിന്നെ കാഴ്ചകളുടെ പൊടിപൂരമായിരുന്നു .ഹൃദയം പറിഞ്ഞു പോകുന്ന കാഴ്ചകൾ .

' മകളേ ,ക്ലിയോപാട്രാ ,ഈ വേദനയിൽ നിന്നും എനിക്ക് മോചനമില്ലേ '

'പപ്പാ ,എന്നെയും മോളിയേയും ഒന്നിച്ച് തീർക്കുക .'

എത്ര ആലോചിച്ചും കണക്കുകൂട്ടിയുമാണ് ക്ലിയോപാട്ര മറുപടി പറഞ്ഞത് .ഒരു കഥയായി നാറുന്നതിനേക്കാൾ എത്രയോ മഹത്തരമാണ് ഒരു കൊലപാതകമായി തീരുന്നത് .ഒരു കത്തിയുടെ പ്രണയത്തിൽ ,ചോരയുടെ മലവെള്ളപ്പാച്ചിലിൽ തൊണ്ട പറിഞ്ഞുള്ള ഒരു നിലവിളിയായി മോളി തീരുമ്പോൾ കഥയും തീരില്ലേ .

മോളിക്ക് ഏഴുമാസം തികഞ്ഞ ഒരു മഴയുള്ള രാത്രിയാണ് ഞാൻ ആന്റണി ആന്റ് ക്ലിയോപാട്ര കത്തിച്ചത് .പുസ്തകം കത്തിയപ്പോൾ ലേശം ചോരയും ഒരു ഗർഭിണിയുടെ ശവവും മിച്ചമായി .

എന്റെ സത്യാന്വേഷണ പരീക്ഷണങ്ങളിൽ ഞാൻ കൊലയാളിയും മനോരോഗിയും . ●

# ചുവപ്പ് റോസാപ്പൂക്കൾ

എ എൻ സാബു



ഡെൽഹിയിൽ നിന്നും ട്രാൻസ്ഫറായി കൃത്യം പത്തു മാസമാകുന്ന ഒരു ഞായറാഴ്ചയാണ് സുബൈദ ബീഗം അയാളെ വിളിക്കുന്നത്.

പുതിയതായി വാങ്ങിയ റോസ ചെടിയുടെ ചട്ടികൾ ചുവപ്പ് ,വെള്ള എന്ന ക്രമത്തിൽ അടുക്കി വക്കുവാൻ ഭാര്യയെ സഹായിക്കുകയായിരുന്നു അപ്പോൾ അയാൾ. ചുവപ്പ് റോസാപ്പൂക്കളോടായിരുന്നു അയാൾക്ക് പ്രിയം ,ഭാര്യക്കാകട്ടെ വെളുപ്പ് നിറത്തോടും. അതു കൊണ്ടാണ് തുല്യ എണ്ണം ചുവപ്പ്, വെള്ള റോസാ ചട്ടികൾ വാങ്ങിയത്.

പ്രധാനമായും രണ്ടു കാര്യങ്ങളാണ് സുബൈദ ബീഗത്തിന് അയാളോട് പറയാനുണ്ടായിരുന്നത്. താരതമ്യേന പ്രാധാന്യം കുറഞ്ഞതാണ് അവൾ ആദ്യം പറഞ്ഞത്. അവളുടെ ഭർത്താവ് ഫക്രുദ്ദീന് അടുത്തു നടക്കാൻ പോവുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.പി.യിൽ നിന്ന് വിജയസാദ്ധ്യതയുള്ള ഒരു സീറ്റ് മൽസരിക്കാനായി ലഭിച്ചിരിക്കുന്നു.

കഴിഞ്ഞ തവണ തന്നെ ഫക്രുദ്ദീന് സീറ്റ് ലഭിക്കേണ്ടതായിരുന്നു . എന്തു കൊണ്ടോ അവസാന നിമിഷം ഒഴിഞ്ഞു പോവുകയായിരുന്നു.

തീർച്ചയായും സന്തോഷമുള്ള കാര്യം തന്നെ . ഫക്രുദ്ദീന്റെ ഇടപെടലു കൊണ്ടു മാത്രമാണ് അയാൾക്ക് നാട്ടിലേക്ക് മാറ്റം ലഭിച്ചത്.

സുബൈദ രണ്ടാമത് പറഞ്ഞ കാര്യം അയാളെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള ഒന്നായിരുന്നു.

അവൾ ഒരു പെൺകുട്ടിയുടെ അമ്മയായിരിക്കുന്നുവ

ത്രേ .ഡെൽഹിയിലെ ഓഫീസിൽ നിന്ന് പോന്നതിൽ പിന്നെ ഒഫീഷ്യലായും അല്ലാതെയും അവൾ പല തവണ വിളിച്ചിരുന്നു. അപ്പോഴൊന്നും അവൾ ഇങ്ങനെയൊരു സൂചന തന്നതേയില്ല. അയാൾ ഓർക്കുന്നു ,മൂന്നു നാലു മാസമായി അവർക്കിടയിലെ ഫോൺ വിളി എന്തുകൊണ്ടോ നിന്നു പോയിരുന്നു.

' എന്തേ സുബൈദ .... നേരത്തേ പറഞ്ഞില്ല ........'

അയാളുടെ ചോദ്യത്തിൽ പരിഭവത്തിനപ്പുറമുള്ള എന്തോ ഉണ്ടായിരുന്നു.

" എല്ലാം കഴിഞ്ഞിട്ട് പറയാമെന്നു വച്ചു ..... അല്പം കോംപ്ലിക്കേഷൻ ഉണ്ടായിരുന്നു ......ഏഴ് മാസമായി ലീവിലായിരുന്നു. ......'

എന്തോ അപരാധം ചെയ്ത ഭാവം അവളുടെ സംസാരത്തിലും ഉണ്ടായിരുന്നു.

' കുട്ടി എങ്ങനെ ....'

" എന്നെ പോലെ തന്നെ ..... കറുത്തിട്ട് .....'

'ഫക്രുദ്ദീൻ ......'

" ഫക്രു ,വളരെ ത്രില്ലിലാണ് .... വർഷങ്ങളായി ഒരു കുഞ്ഞിക്കാലിനായി കാത്തിരിക്കയല്ലായിരുന്നോ ....... ഇപ്പോ കിട്ടാൻ പോവുന്ന എം പി സ്ഥാനം വരെ ഇവൾ മുള പൊട്ടിയതിന്റെ ഭാഗ്യമെന്നാ.... പറയുന്നത് .....'

അവൾ ഓരോന്നായി പറഞ്ഞു കൊണ്ടേയിരുന്നു. ഡൽഹിയിൽ നിന്നും ട്രാൻസ്ഫറായ സമയത്തെ സംഭവങ്ങളാണ് അയാളുടെ ഓർമയിലേക്കെത്തിയത്. ഓഫീസിൽ തനിക്കായി സെന്റോഫ് പാർട്ടിയൊരുക്കാനും ഫ്ലൈറ്റിൽ ടിക്കറ്റ് തരപ്പെടുത്താനുമൊക്കെ എന്താവേശമായിരുന്നു സുബൈദക്ക്. ഒരുമിച്ച് ഓഫിസിന് അകത്തും പുറത്തുമൊക്കെ ചെലവഴിച്ച നിമിഷങ്ങൾ എത്ര വിലപ്പെട്ടതാണെന്ന് അയാൾ ഓർത്തു . ഒടുക്കം എയർപോർട്ടിൽ വച്ച് പിരിയുമ്പോൾ അവളുടെ കണ്ണുകൾ സജലങ്ങളായതും  ഓർക്കുന്നു.

' എന്താ ഒന്നും മിണ്ടാത്തത് .....' ഫോണിൽ അവൾ പല തവണ ചോദിച്ചു കൊണ്ടിരുന്നു. അയാൾക്ക് ഒന്നും പറയുവാനില്ലായിരുന്നു. വെറുതേ അവൾ  പറയുന്നത് കേട്ടുകൊണ്ടങ്ങനെ നിന്നു.

' ഞാൻ ..... നന്ദിയാണോ പറയേണ്ടത് .........'  വാക്കുകൾക്ക് വേണ്ടി പരതിയ അവളുടെ ശബ്ദം പതറിയിരുന്നു. അയാളിൽ നിന്ന് എന്നിട്ടും ഒരു പ്രതികരണവുമുണ്ടായില്ല.

' ഫോൺ വക്കുകയാണ് .... ഇടക്ക് വിളിക്കില്ലേ ........... '

അവൾ ഒരു വിധം പറഞ്ഞൊപ്പിക്കുകയായിരുന്നു.

" വിളിക്കാം .......'

അയാൾ യാന്ത്രികമായാണ് ആ വാക്ക് ഉച്ചരിച്ചത്.

അവൾ ഫോൺ വച്ചെങ്കിലും അയാൾ പിന്നെയും കുറച്ചു നേരം അതേ നിലയിൽ ഫോൺ ചെവിയോടു് ചേർത്തു പിടിച്ചിരുന്നു.

' ആ വളം കൂടി അങ്ങ് ട്ടോളൂ  ... ട്ടോ '

ഇതിനകം ഭാര്യ ചെടിച്ചട്ടികളെല്ലാം അടുക്കി വച്ചു കഴിഞ്ഞു. റോസാചെടികൾക്കായി വളക്കടയിൽ നിന്നു വാങ്ങിയ മിക്സ്ചർ ചട്ടിയിൽ ഇട്ടു കൊടുക്കാൻ പറയുകയാണ് .

അയാൾ വളത്തിന്റെ പാക്കറ്റ് പൊട്ടിച്ച് കടക്കാരൻ പറഞ്ഞു തന്ന അളവിൽ ഓരോ ചട്ടിയിലും ഇട്ടു . ഹോസിലൂടെ വെള്ളം ചെടികൾക്ക് തളിച്ചു കൊടുക്കുന്നതിനിടയിലും സുബൈദ ബീഗത്തെ കുറിച്ച് തന്നെയാണ് ഓർത്തു കൊണ്ടിരുന്നത്. അവളുടെ ..... കുട്ടിയും അവളെ പോലെ ബുദ്ധിയും പക്വതയുമുള്ള ഒരു കറുത്ത സുന്ദരിക്കുട്ടിയായി വളർന്നു വരട്ടെയെന്ന് മനസാ ആഗ്രഹിച്ചു. ചുവപ്പും വെള്ളയും നിറത്തിലുള്ള റോസപ്പൂക്കൾ അയാളെ നോക്കി ചിരിച്ചു കൊണ്ടിരുന്നു. അവ തന്നെ പരിഹസിക്കുകയാണോ എന്ന് അയാൾ സംശയിച്ചു.

●

# ബിസിയും എസിയും





പി രഘുനാഥ്

ഇപ്പോഴാണ് ജീവിതം ശരിക്കും ബിസിയും എസി യും ആയതെന്നു സുഗുണൻ ചിന്തിച്ചു. ജീവിതം കോവിഡിന് മുൻപും കോവിഡിന് ശേഷവും. കോവിഡിന് മുൻപുള്ള ജീവിതത്തിന്റെ ആ നല്ല നാളുകളെക്കുറിച്ചു ഓർക്കാനേ തോന്നുന്നില്ല. ഒന്നൊന്നര മാസം വീടിനകത്തുതന്നെ അടച്ചുപൂട്ടിയിരിക്കുമ്പോഴും ഒരു സമാധാനവും പ്രതീക്ഷയും ഉണ്ടായിരുന്നു. പത്തമ്പതു ദിവസം കഴിഞ്ഞാൽ കോവിഡെല്ലാം പോകുമെന്നും കഴിഞ്ഞുപോയ ദിനങ്ങൾ അതേപടി ട്രാക്കിൽ കയറിവരുമെന്നും സുഗുണൻ ക

രുതിയിരുന്നെങ്കിലും സമയം പോയതിനൊത്ത് എളുപ്പത്തിലൊന്നും കാര്യങ്ങൾ പഴയപടി ആവില്ലെന്ന് അയാൾ വല്ലാത്തൊരു വേദനയോടെ തിരിച്ചറിഞ്ഞുകൊണ്ടിരുന്നു. ജീവിതവും ദിനങ്ങളും ഇനി എങ്ങനെയാണ് മുന്നോട്ടു കൊണ്ടുപോകേണ്ടതെന്നു അപ്പോഴും അയാൾക്കൊരു തീർച്ചയുണ്ടായിരുന്നില്ല.

ജീവിതം എന്തൊക്കെത്തന്നെയായിരുന്നാലും മാറിക്കൊണ്ടിരിക്കുകയായിരുന്നു. അതിനൊത്തവിധം താനും. രണ്ടുമാസം മുൻപ് കഷ്ടിച്ച് വാട്ട്സപ്പും ഫേസ്ബുക്കും കഷ്ടിച്ച് നോക്കിയിരുന്ന താനിപ്പോൾ മൂന്നു ദിവസത്തിൽ ഒരിക്കൽ എന്ന മട്ടിൽ വെബ് മീറ്റിങ്ങിൽ പങ്കെടുത്തു കൊണ്ടിരിക്കുന്നു. എന്നാൽ വെബ് മീറ്റിങ്ങിനും മറ്റുമൊക്കെ ഒരു പരിധിയുണ്ടെന്നും അത് ഫീൽഡ് വർക്കിൽ അത്രയധികം ഗുണം ചെയ്യില്ലെന്നും മാസാന്ത്യ കണക്കുകൾ വിളിച്ചു പറഞ്ഞു. വെബ് മീറ്റിങ്ങിനിടെ മാറിയ കാലത്തിന്റെ രീതികളും ശീലങ്ങളും പ്രയാസങ്ങളും പറഞ്ഞപ്പോൾ ഗൗരവത്തിൽ മാനേജർ പറഞ്ഞു:

' മിസ്റ്റർ സുഗുണൻ ഞാനൊരു കഥ പറയാം. കഥയല്ല, ജീവിതം തന്നെ. നാൽപ്പതു വർഷങ്ങൾക്കു മുൻപാണ്. ഞാനന്ന് ഫീൽഡിൽ വന്നിട്ടേ ഉള്ളൂ. ഒരു ഇന്റീരിയർ ഏരിയയിൽ ആണ് വർക്ക്. മാനേജരും ഉണ്ട് വർക്കിന്. ഞാനും മാനേജരും കൂടി ഞങ്ങളുടെ സഹപ്രവർത്തകനെ കാത്തു നിൽക്കുകയായിരുന്നു. അയാളാകട്ടെ സീനിയർ ആയ ഒരാൾ. അരമണിക്കൂർ കഴിഞ്ഞിട്ടാണ് അയാൾ വന്നത്. വന്നയുടനെ എന്നെ അടുത്തേക്ക് വിളിച്ചിട്ട് മാറ്റി നിർത്തി ചോദിച്ചു: 'ഇതെന്തു ഡ്രസിങ് ആണെടോ? ഞാനിതൊന്നും പതിവില്ല. താൻ ഓരോ പുതിയ രീതികള് ഉണ്ടാക്കണ്ട. എന്റെ സ്ഥലത്ത് എന്നെപോലെ വർക്ക് ചെയ്താൽ മതി.' അയാൾ സാധാരണ മട്ടിൽ ഒരു ഷർട്ടും പാന്റും ചെരിപ്പുമാണ് ഇട്ടിട്ടുണ്ടായിരുന്നത്. വാസ്തവത്തിൽ അയാൾക്ക് നല്ല തടിയും അതിനേക്കാൾ വലിയ വയറുമുണ്ടായിരുന്നു. ഇൻസേർട് ചെയ്ത് ബെൽറ്റിടുകയും ടൈ കെട്ടുകയും ചെയ്യുന്നത് അയാളെ സംബന്ധിച്ച്, ആ ശരീരത്തിന്റെ സ്വാതന്ത്ര്യങ്ങൾ ഇല്ലാതാക്കുന്നതിന് തുല്യമായിരുന്നു. ഞാനാകട്ടെ ടൈയും ഇൻസെർട്ടും ഷൂസുമൊക്കെയായി ശരിക്കും ഒരു എക്സിക്യൂട്ടീവ്., എന്റെ മാനേജരെപോലെ. മാനേജർ ഇതെല്ലം കേൾക്കുന്നുണ്ടായിരുന്നു. അദ്ദേഹം വർക്ക് കഴിഞ്ഞു പോകാൻ നേരം സീനിയറുടെ അസാന്നിധ്യത്തിൽ എന്നോട് പറഞ്ഞു: 'അയാൾ പലതും പറയും. അത് നോക്കണ്ട. അവനവന്റെ കാര്യം നോക്കുക. കാലത്തിനനുസരിച്ചു മാറുക. മുന്നോട്ടു പോകുക. അല്ലെങ്കിൽ കാലഹരണപ്പെട്ട ആയുധം കണക്കെ ആയുധശാലയിൽ നിന്നും പുറത്താകും.' ഇന്നും എന്റെ ആപ്തവാക്യം അതാണ്. കാരണം രണ്ടു വർഷം ആകുന്നതിനു മുൻപേ സീനിയർ ജോലി രാജിവെച്ചു വിട്ടുപോയി. ഞാൻ ഇപ്പോഴും ഇവിടെയുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇതാണ്: മാറുന്ന സാഹചര്യം ഏതായാലും അതിനനുസരിച്ചു മാറാൻ തയ്യാറാകുക. അല്ലെങ്കിൽ ജോലി വിട്ടേച്ചു പോകുക. ഏത് വേണമെന്ന് നിങ്ങൾക്ക് തീരുമാനിക്കാം.' മാനേജർ ആ ജീവിത കഥ പറഞ്ഞുകഴിഞ്ഞപ്പോൾ വെബ്മീറ്റിങ്ങിൽ പൊടുന്നനെ ഒരു നിശബ്ദത നിറഞ്ഞു. വാഗ്വേദങ്ങളും വിശദീകരണങ്ങളും നിറഞ്ഞ വെബ് ഹാൾ കുറെ നേരം മരവിച്ചു കിടന്നു. മീറ്റിങ് കഴിഞ്ഞു ഏറെ നേരം പിന്നിട്ടിട്ടും സുഗുണനിൽനിന്ന് ആ മരവിപ്പ് വിട്ടുപോയില്ല. ടൈ കെട്ടാതെ, ഇൻസേർട് ചെയ്യാതെ, ഷൂസിടാതെ നിന്നു ഗുണദോഷിക്കുന്ന ആ സീനിയർ ആയിരുന്നു അയാൾക്കുള്ളിൽ നിറഞ്ഞു നിന്നത്. ബിസി ക്കു ശേഷം വരുന്ന ഏസിയിൽ താൻ എവിടെയായിരിക്കും എന്ന് അപ്പോഴും ഒന്നും കൃത്യമായി വേർതിരിച്ചറിയാനാവാതെ സുഗുണൻ ഓർത്തു കൊണ്ടിരുന്നു. ●

